بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11
ലക്കം 24

# ബദർ

വാരിക ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

2026 ജൂൺ 18 • ഹി.ശം 1405 ഇഹ്സാൻ 18 • ഹി. ഖ. 1448 മുഹറം 02

## വിശുദ്ധ ഖുർആനിൽ നിന്ന്:



# സത്യമാർഗ ദർശനം

یٰۤاَہۡلَ الۡکِتٰبِ قَدۡ جَآءَکُمۡ رَسُوۡلُنَا یُبَیِّنُ لَکُمۡ کَثِیۡرًا مِّمَّا کُنۡتُمۡ تُخۡفُوۡنَ مِنَ الۡکِتٰبِ وَیَعۡفُوۡا عَنۡ کَثِیۡرٍ ۬ؕ قَدۡ
جَآءَکُمۡ مِّنَ اللّٰہِ نُوۡرٌ وَّ کِتٰبٌ مُّبِیۡنٌ ﴿۱۶﴾ یَّہۡدِیۡ بِہِ اللّٰہُ مَنِ اتَّبَعَ رِضۡوَانَہٗ سُبُلَ السَّلٰمِ وَیُخۡرِجُہُمۡ مِّنَ الظُّلُمٰتِ
اِلَی النُّوۡرِ بِاِذۡنِہٖ وَیَہۡدِیۡہِمۡ اِلٰی صِرَاطٍ مُّسۡتَقِیۡمٍ ﴿۱۷﴾ (سورہ المائدۃ:16-17)

ഗ്രന്ഥാനുസാരികളേ, ഗ്രന്ഥത്തിൽ നിന്ന് നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്ന നിരവധി കാര്യങ്ങൾ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരികയും പല കാര്യങ്ങളും (നിങ്ങൾക്ക്) മാപ്പുചെയ്തുതരികയും ചെയ്യുന്ന നമ്മുടെ ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിന്ന് ഒരു പ്രകാശവും സ്പഷ്ടമായ ഒരു ഗ്രന്ഥവും നിങ്ങൾക്ക് വന്നുകഴിഞ്ഞു.

അല്ലാഹു അതുമുഖേന തന്റെ പ്രീതിയെ പിൻപറ്റിയവരെ രക്ഷാമാർഗ്ഗങ്ങളിലേക്ക് വഴികാണിക്കുന്നതാണ്; തന്റെ അനുമതി അനുസരിച്ച് അവൻ അവരെ (പലതരത്തിലുള്ള) അന്ധകാരങ്ങളിൽ നിന്നും പുറത്തുകൊണ്ടുവന്ന് പ്രകാശത്തിലേക്ക് നയിക്കുകയും ചൊവ്വായ മാർഗ്ഗത്തിലേക്ക് അവൻ അവരെ വഴിനടത്തുകയും ചെയ്യുന്നതാണ്.



## ഹദീസ്:

# സമത്വവും സാഹോദര്യവും : ഇസ്‌ലാമിക പാഠങ്ങൾ

عَنۡ اَبِیۡ نَضۡرَۃَ حَدَّثَنِیۡ مَنۡ سَمِعَ خُطۡبَۃَ رَسُوۡلِ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ فِیۡ وَسۡطِ اَیَّامِ التَّشۡرِیۡقِ فَقَالَ یَا اَیُّہَا النَّاسُ اَلَا اِنَّ رَبَّکُمۡ وَاحِدٌ وَاِنَّ اَبَاکُمۡ وَاحِدٌ ۔ اَلَا لَا فَضۡلَ لِعَرَبِیٍّ عَلٰی عَجَمِیٍّ وَلَا لِعَجَمِیٍّ عَلٰی عَرَبِیٍّ وَلَا لِاَحۡمَرَ عَلٰی اَسۡوَدَ وَلَا لِاَسۡوَدَ عَلٰی اَحۡمَرَ اِلَّا بِالتَّقۡوٰی اَبَلَّغۡتُ ؟ قَالُوۡا بَلَّغَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ ۔

ثُمَّ قَالَ : اَیُّ یَوۡمٍ ہٰذَا ؟ قَالُوۡا : یَوۡمٌ حَرَامٌ ۔ قَالَ : اَیُّ شَہۡرٍ ہٰذَا ؟ قَالُوۡا : شَہۡرٌ حَرَامٌ ۔ قَالَ : ثُمَّ اَیُّ بَلَدٍ ہٰذَا ؟ قَالُوۡا : بَلَدٌ حَرَامٌ ۔ قَالَ : فَاِنَّ اللّٰہَ قَدۡ حَرَّمَ بَیۡنَکُمۡ دِمَاءَکُمۡ وَاَمۡوَالَکُمۡ ۔ قَالَ : وَلَا اَدۡرِیۡ قَالَ اَوۡ بَلَدَکُمۡ ہٰذَا ۔ اَبَلَّغۡتُ ؟ قَالُوۡا : بَلَّغَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ قَالَ : لِیُبَلِّغِ الشَّاہِدُ الۡغَائِبَ ۔

അബൂ നള്റ (റ) പറയുന്നു, തിരുനബി (സ) മിനാ ദിനങ്ങളിൽ നടത്തിയ ഹജ്ജത്തുൽ വിദാഇലെ പ്രസംഗം കേട്ട വ്യക്തി എന്നോട് പറയുന്നു, തിരുനബി (സ) ആ പ്രസംഗത്തിൽ പറയുന്നു: 'ജനങ്ങളേ! ശ്രദ്ധിക്കുക, നിങ്ങളുടെ അല്ലാഹു ഏകനാണ്. നിങ്ങളുടെ പിതാവ് ഏകനാണ്. ഓർക്കുക, ഒരു അറബിക്ക് അനറബിയേക്കാളോ, അനറബിക്ക് അറബിയേക്കാളോ, വെളുത്ത വർഗ്ഗക്കാരന് കറുത്ത വർഗ്ഗക്കാരനേക്കാളോ, കറുത്ത വർഗ്ഗക്കാരന് വെളുത്ത വർഗ്ഗക്കാരനേക്കാളോ ഒരു ശ്രേഷ്ഠതയുമില്ല; തഖ്‌വയും സുകൃതവും കൊണ്ടല്ലാതെ. ഞാൻ ഈ സന്ദേശം എത്തിച്ചു തന്നില്ലയോ?' ആളുകൾ (ഉച്ചത്തിൽ) പറഞ്ഞു: 'അതെ, യാ റസൂലല്ലാഹ്! അങ്ങ് ഈ സന്ദേശം കൃത്യമായി എത്തിച്ചിരിക്കുന്നു.'

പിന്നീട് തിരുനബി (സ) ചോദിക്കുന്നു: 'ഇത് ഏത് ദിവസമാണ്?' ആളുകൾ പറയുന്നു: '(ഹജ്ജിന്റെ) വലിയ പവിത്രമായ ദിവസമാണ്.' പിന്നീട് ചോദിക്കുന്നു: 'ഇത് ഏത് മാസമാണ്?' ആളുകൾ പറയുന്നു: 'ഇത് വലിയ പവിത്രമായ മാസമാണ്.' പിന്നീട് ചോദിക്കുന്നു: 'ഇത് ഏത് നാടാണ്?' ആളുകൾ പറയുന്നു: 'ഇത് വലിയ പവിത്രമായ നാടാണ്.' അപ്പോൾ തിരുനബി (സ) പറയുന്നു: 'നിങ്ങളുടെ രക്തവും സ്വത്തും (അഭിമാനത്തെക്കുറിച്ച് പരാമർശിച്ചോ എന്ന് പറയുന്നയാൾക്ക് ഓർമ്മയില്ല) ഈ ദിവസത്തെയും ഈ മാസത്തെയും ഈ നാടിനെയും പോലെ തന്നെ പവിത്രമാണ്. ഞാൻ ഈ സന്ദേശം എത്തിച്ചു തന്നില്ലയോ?' ആളുകൾ (ഉച്ചത്തിൽ) പറഞ്ഞു: 'അതെ, യാ റസൂലല്ലാഹ്! അങ്ങ് ഈ സന്ദേശം കൃത്യമായി എത്തിച്ചിരിക്കുന്നു.' തിരുനബി (സ) പറയുന്നു: 'ഇവിടെ സന്നിഹിതരായവർ, ഇവിടെ ഹാജരില്ലാത്തവരിലേക്ക് കൂടി ഈ സന്ദേശം എത്തിച്ചു കൊടുക്കുക.'


*(മുസ്നദ് അഹ്മദ്, വാല്യം 1, പേജ് 230; വാല്യം 5, പേജ് 411; ഇബ്നു അബ്ബാസ് (റ)ന്റെ നിവേദനം)*

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തഫ്സീർ കബീറിൽ നിന്ന്:


ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



# ക്രൈസ്തവ ഗോത്രത്തിന് മസ്ജിദിൽ ആരാധനയ്ക്ക് അനുവാദം നൽകിയ പുണ്യപ്രവാചകൻ (സ)

'നബി(സ) മതപരമായ സഹിഷ്ണുതയ്ക്ക് വലിയ പ്രാധാന്യം നൽകുകയും ഇക്കാര്യത്തിൽ ഉന്നതമായ മാതൃക കാണിച്ചുതരികയും ചെയ്തിരുന്നു. യമനിൽ നിന്നുള്ള ഒരു ക്രൈസ്തവ ഗോത്രം മതപരമായ ചർച്ചകൾക്കായി നബി(സ)ന്റെ അടുക്കൽ വന്നു. അവരുടെ വലിയ പുരോഹിതന്മാരും അതിലുണ്ടായിരുന്നു. പള്ളിയിൽ വെച്ച് ചർച്ച ആരംഭിച്ചു, ചർച്ച നീണ്ടുപോയി. അപ്പോൾ ആ സംഘത്തിലെ പുരോഹിതൻ പറഞ്ഞു, 'ഞങ്ങളുടെ പ്രാർത്ഥനയുടെ സമയമായി, ഞങ്ങൾ പുറത്തുപോയി പ്രാർത്ഥിച്ചിട്ട് വരാം.' അപ്പോൾ തിരുനബി(സ) പറഞ്ഞു, 'പുറത്തുപോകേണ്ട ആവശ്യമില്ല, നമ്മുടെ പള്ളിയിൽ വെച്ചുതന്നെ നിങ്ങളുടെ പ്രാർത്ഥന നിർവഹിക്കാം. നമ്മുടെ പള്ളി അല്ലാഹുവിനെ സ്മരിക്കാൻ വേണ്ടി നിർമ്മിക്കപ്പെട്ടതാണ്.' *(ദീപായച തഫ്സീറുൽ ഖുർആൻ, പേജ് 404)*

## ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:



# അല്ലാഹുവിന്റെ പക്കൽ വംശീയതയ്ക്ക് സ്ഥാനമില്ല

'അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ച് ഏറ്റവും വലിയവൻ നിങ്ങളിൽ വെച്ച് ഏറ്റവും കൂടുതൽ തഖ്‌വ അഥവാ ഭയഭക്തിയുള്ളവനാണ്. താൻ സയ്യിദാണെന്നോ, മുഗളാണെന്നോ, പഠാനാണെന്നോ, ശൈഖാണെന്നോ ഉള്ള വാദങ്ങൾ തികച്ചും അടിസ്ഥാനരഹിതമാണ്. വലിയ വംശത്തിൽ ജനിച്ചുവെന്നതിൽ അഭിമാനിക്കുന്നത് വ്യർത്ഥമാണ്. മരണശേഷം ഈ വംശീയതയൊന്നും ബാക്കിയുണ്ടാകില്ല. അല്ലാഹുവിന്റെ പക്കൽ വംശീയതയ്ക്ക് സ്ഥാനമില്ല. ഉന്നത കുടുംബത്തിൽ ജനിച്ചതുകൊണ്ട് മാത്രം ഒരാൾക്കും രക്ഷ പ്രാപിക്കാൻ കഴിയില്ല.

തിരുനബി(സ) ഹദ്റത്ത് ഫാത്തിമ(റ)യോട് പറഞ്ഞു: ഫാത്തിമാ! നീ പ്രവാചക പുത്രിയാണെന്നതിൽ നീ അഹങ്കരിക്കരുത്. അല്ലാഹുവിന്റെ പക്കൽ വംശത്തിന് പരിഗണനയില്ല. അവിടെ പദവികൾ ലഭിക്കുന്നത് തഖ്‌വയുടെ അടിസ്ഥാനത്തിലാണ്. ഈ വംശങ്ങളും ഗോത്രങ്ങളും, ലോകത്തിന്റെ ക്രമീകരണങ്ങളും കീഴ്‌വഴക്കങ്ങളും മാത്രമാണ്. അല്ലാഹുവിന്റെ പക്കൽ അവയ്ക്ക് യാതൊരു ബന്ധവുമില്ല. അല്ലാഹുവിന്റെ സ്നേഹം തഖ്‌വ യിലൂടെയാണ് ലഭിക്കുന്നത്, തഖ്‌വ തന്നെയാണ് ഉന്നത പദവികൾക്ക് കാരണം.

*(അൽഹകം, വാല്യം 6, നമ്പർ 37, 1902 ഒക്ടോബർ 17, പേജ് 7)*

**ഈ ലക്കത്തിൽ :**

○ യു.കെ പീസ് സിമ്പോസിയം റിപ്പോർട്ട്
○ ഖുത്ബ ജുമുഅ: 2026 മെയ് 01
○ സീറത്തുബി(സ)
○ സീറത്തുൽ മഹ്ദി(അ)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

ജമാഅത്ത് അഹ്മദിയ്യ യുകെ (യുകെ) സംഘടിപ്പിച്ച 19-ാമത് പീസ് സിമ്പോസിയം

# അഹ്മദിയ്യാ ഖലീഫയുടെ സമാധാനത്തിന്റെയും നീതിയുടെയും പരസ്പര ബഹുമാനത്തിന്റെയും നിരന്തരമായ സന്ദേശം ലോകമെമ്പാടും സ്വാധീനം ചെലുത്തുന്നു.

ഗ്രെഗ് സ്റ്റാഫോർഡ്, എം.പി.

2026 മെയ് 16ന് ഇസ്‌ലാമാബാദിലെ ഐവാനെ മസ്റൂറിൽ യു.കെ അഹമദിയ്യാ ജമാഅത്ത് സംഘടിപ്പിച്ച 19-ാമത് പീസ് സിമ്പോസിയത്തിൽ, സയ്യിദനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹു തആലാ) നേരിട്ട് പങ്കെടുക്കുകയും തന്റെ പ്രഭാഷണത്താൽ സദസ്സിനെ ധന്യമാക്കുകയും ചെയ്തു. (ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ പ്രസംഗത്തിന്റെ സംഗ്രഹം കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ ബാക്കി ഭാഗം താഴെ ചേർക്കുന്നു.)




ഹദ്റത്ത് അമീറുൽ മുഅ്മിനീൻ 'അഹ്മദിയ്യ പ്രൈസ് ഫോർ പീസ്' ഗ്രെഗോയർ അഹോങ്ബോണന് (Gregoire Ahongbonon) സമ്മാനിക്കുന്നു.

2025ലെ അഹ്മദിയ്യ സമാധാന പുരസ്കാരത്തിന് പശ്ചിമ ആഫ്രിക്കൻ രാജ്യമായ ബെനിനിൽ നിന്നുള്ള ***ഗ്രെഗ്വാർ അഹോംഗ്ബോനോൺ*** തിരഞ്ഞെടുക്കപ്പെട്ടു. പശ്ചിമ ആഫ്രിക്കയിലെ മാനസികരോഗബാധിതരുടെ പരിചരണരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി അദ്ദേഹം നടത്തിയ അസാധാരണ സേവനങ്ങളെ മാനിച്ചാണ് ഈ പുരസ്കാരം അദ്ദേഹത്തിന് നൽകിയത്.

അദ്ദേഹത്തിന്റെ സേവനപ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്ന ഒരു ഹ്രസ്വ വീഡിയോ പ്രദർശിപ്പിച്ചതിന് ശേഷം, ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) യുടെ കരങ്ങളിൽ നിന്ന് അദ്ദേഹം പുരസ്കാരവും 10,000 പൗണ്ടിന്റെ സമ്മാനച്ചെക്കും സ്വീകരിച്ചു.

തുടർന്ന് അദ്ദേഹം ഫ്രഞ്ച് ഭാഷയിൽ പ്രസംഗിച്ചു. അതിന്റെ ഇംഗ്ലീഷ് പരിഭാഷയും സദസ്സിൽ അവതരിപ്പിക്കപ്പെട്ടു. പുരസ്കാരം ലഭിച്ചതിലുള്ള അഗാധമായ നന്ദി അദ്ദേഹം രേഖപ്പെടുത്തുകയും, പശ്ചിമ ആഫ്രിക്കയിലെ മാനസികരോഗികൾ നേരിടുന്ന ദുരിതങ്ങളും വെല്ലുവിളികളും വിശദീകരിക്കുകയും ചെയ്തു. അദ്ദേഹം തന്റെ പ്രസംഗത്തിന്റെ അവസാനം, ഹുസൂർ തിരുമനസിനോടും അഹ്മദിയ്യാ ജമാഅത്തിനോടുമുള്ള ഹൃദയംഗമമായ നന്ദിയും പ്രകാശിപ്പിക്കുകയുണ്ടായി.

## സ്വാഗതപ്രസംഗവും വിശിഷ്ടാതിഥികളുടെ ഹ്രസ്വ പ്രഭാഷണങ്ങളും

ഹുസൂർ തിരുമനസ്സിന്റെ മുഖ്യപ്രസംഗത്തിന് മുമ്പ്, യു.കെ. ജമാഅത്ത് ദേശീയ അമീർ റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ് സ്വാഗതപ്രസംഗം നടത്തി. കൂടാതെ മറ്റു ചില വിശിഷ്ടാതിഥികളും ഹ്രസ്വമായി സംസാരിക്കുകയുണ്ടായി.

**അമീർ ജമാഅത്തെ അഹ്മദിയ്യ യു.കെ.**
**റഫീഖ് അഹ്മദ് ഹയാത്ത് സാഹിബിന്റെ സ്വാഗതപ്രസംഗം:**

എല്ലാവർക്കും സ്വാഗതം ആശംസിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

ഇന്ന് വിവിധ മേഖലകളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിക്കുന്ന നിരവധി പ്രമുഖ വ്യക്തികൾ ഇവിടെ ഒരുമിച്ചു കൂടിയിരിക്കുന്നു. ലോകത്ത് ശാശ്വത സമാധാനം സ്ഥാപിക്കണമെങ്കിൽ, ഐക്യം, പരസ്പര സൗഹാർദ്ദം, പരസ്പര ബഹുമാനം എന്നിവ വളർത്തിയെടുക്കാൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

നിലവിൽ ലോകം അതീവ സൂക്ഷ്മവും അപകടകരവുമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലും അശാന്തിയും സംഘർഷങ്ങളും നിലനിൽക്കുന്നു. കുട്ടികൾക്ക് ജീവൻ നഷ്ടപ്പെടുന്നു; രാജ്യങ്ങൾ പരസ്പര തർക്കങ്ങളിലും ഏറ്റുമുട്ടലുകളിലും ഏർപ്പെട്ടിരിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ്, ബ്രിട്ടീഷ് പാർലമെന്റ്, യൂറോപ്യൻ പാർലമെന്റ്, വാഷിംഗ്ടൺ ഡി.സിയിലെ ക്യാപിറ്റൽ ഹിൽ, കാനഡൻ പാർലമെന്റ്, ഡച്ച് പാർലമെന്റ്, ന്യൂസിലാൻഡ് പാർലമെന്റ് തുടങ്ങി ലോകത്തെ നിരവധി സുപ്രധാന വേദികളിൽ സമാധാനത്തെയും നീതിയെയും കുറിച്ച് പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.

അതുപോലെ, ലോകനേതാക്കൾക്ക് വ്യക്തിപരമായി കത്തുകൾ അയച്ചുകൊണ്ട്, ലോകം കൂടുതൽ നാശത്തിലേക്ക് നീങ്ങാതിരിക്കാൻ നീതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഹുസൂർ അവരെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

അനിശ്ചിതത്വവും ഭയവും വർധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ഈ അപകടകരമായ കാലഘട്ടത്തിൽ, ഹുസൂർ തിരുമനസ്സിന്റെ സമാധാനം, സൗഹാർദ്ദം, നീതി എന്നിവയിലൂന്നിയ സന്ദേശം മുമ്പത്തേക്കാൾ കൂടുതൽ പ്രസക്തവും അടിയന്തര ശ്രദ്ധ അർഹിക്കുന്നതുമാണ്.

അദ്ദേഹം തുടർന്നു പറഞ്ഞു:

ശക്തിയുടെയും ബലപ്രയോഗത്തിന്റെയും അടിസ്ഥാനത്തിൽ സ്ഥിരമായ സമാധാനം സ്ഥാപിക്കാനാവില്ല. യഥാർത്ഥവും ശാശ്വതവുമായ സമാധാനം നീതി, സത്യസന്ധത, പരസ്പര ബഹുമാനം എന്നിവയിലൂടെ മാത്രമേ സാധ്യമാകൂ എന്നുമാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നതും ഹുസൂർ വീണ്ടും വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നതും. നമുക്ക് സമാധാനപൂർണമായ ഒരു ലോകം കാണണമെങ്കിൽ, എല്ലാ ജനങ്ങൾക്കും എല്ലാ രാജ്യങ്ങൾക്കും ഒരുപോലെ നീതി നടപ്പാക്കപ്പെടണം.

അല്ലാഹു മാനവരാശിക്ക് സമാധാനത്തിന്റെയും നീതിയുടെയും പരസ്പര ധാരണയുടെയും പാത കാണിച്ചുകൊടുക്കട്ടെ. ആമീൻ.

### ഗ്രെഗ് സ്റ്റാഫോർഡ്, എം.പി (ഫർൺഹാം ആൻഡ് ബോർഡൺ മണ്ഡലം)

'നാഷണൽ പീസ് സിമ്പോസിയത്തിൽ നിങ്ങളോടൊപ്പം പങ്കുചേരുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. യു.കെയിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ അതിഥികളെ എന്റെ മണ്ഡലത്തിലേക്ക് ഞാൻ സ്വാഗതം ചെയ്യുന്നു.

ഈ വർഷത്തെ സിമ്പോസിയത്തിന്റെ പ്രമേയമായ **പരിപൂർണ്ണമായ ആഗോള നീതി: യഥാർത്ഥ സമാധാനത്തിന്റെ അടിത്തറ** എന്നതിനേക്കാൾ അനുയോജ്യമായ മറ്റൊരു വിഷയമില്ല. ലോകം മുമ്പെങ്ങുമില്ലാത്തവിധം വിഭജിക്കപ്പെടുകയും അനിശ്ചിതത്വത്തിലും അസ്വസ്ഥതയിലും ആണ്ടുപോകുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഇത്തരം സമ്മേളനങ്ങൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ഈ മണ്ഡലത്തിലെ എം.പി എന്ന നിലയിലും, അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനു വേണ്ടിയുള്ള ഓൾ പാർട്ടി പാർലമെന്ററി ഗ്രൂപ്പിന്റെ സെക്രട്ടറി എന്ന നിലയിലും, ഈ ജമാഅത്ത് പ്രാദേശികതലത്തിൽ എത്ര മഹത്തായ സേവനങ്ങളാണ് ചെയ്യുന്നതെന്ന് നേരിൽ കാണാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഇവിടെ സമാധാനം എന്നത് വെറുമൊരു ആശയമോ മുദ്രാവാക്യമോ മാത്രമല്ല, മറിച്ച് അത് പ്രായോഗികമായി നടപ്പിലാക്കപ്പെടുന്നു എന്നതാണ് എന്നെ എപ്പോഴും ആകർഷിക്കുന്ന കാര്യം. സേവനം, ചാരിറ്റി, ആളുകളെ പരസ്പരം അടുപ്പിക്കുക തുടങ്ങിയ പ്രായോഗിക മാർഗ്ഗങ്ങളിലൂടെയാണ് ഈ ജമാഅത്ത് സമാധാനം പ്രോത്സാഹിപ്പിക്കുന്നത്.'

'നമ്മുടെ ദൈനംദിന ജീവിതത്തിൽ നമ്മൾ പരസ്പരം എങ്ങനെ പെരുമാറുന്നു എന്നതിലാണ് സമാധാനത്തിന്റെ അടിത്തറ നിലകൊള്ളുന്നത് എന്ന് അദ്ദേഹം പറഞ്ഞു. നമുക്ക് പ്രാദേശികമായി ജനങ്ങൾക്കിടയിൽ സമാധാനം നിലനിർത്താൻ കഴിയുന്നില്ലെങ്കിൽ, ആഗോളതലത്തിൽ സമാധാനത്തിന് വേണ്ടിയുള്ള ശ്രമങ്ങൾക്ക് വലിയ പ്രസക്തിയുണ്ടാകില്ല. സുസ്ഥിരമായ സമാധാനം പരസ്പരം കൂടെ ജീവിക്കുന്നത് കൊണ്ട് മാത്രം ഉണ്ടാവുന്നതല്ല, മറിച്ച് നിരന്തരമായ ബന്ധങ്ങളിലൂടെയും പരസ്പര ധാരണയിലൂടെയും വളരുന്നതാണ്. സമാധാനത്തിന്റെയും നീതിയുടെയും പരസ്പര ബഹുമാനത്തിന്റെയും നിരന്തരമായ സന്ദേശവുമായി ലോകമെമ്പാടും സ്വാധീനം ചെലുത്തുന്ന ഖലീഫത്തുൽ മസീഹിന്റെ നേതൃത്വത്തെ ഞാൻ പ്രത്യേകം പരാമർശിക്കാൻ ആഗ്രഹിക്കുന്നു.'

### R-t. Hon. Sir Ed Davey MP

'വീണ്ടും ഒരു പീസ് സിമ്പോസിയത്തിലേക്ക് കൂടി എന്നെ ക്ഷണിച്ചതിൽ വലിയ ബഹുമതിയായി ഞാൻ ഇതിനെ കാണുന്നു. സമാധാനത്തിന് വേണ്ടി ഇത്രയും സ്ഥിരതയോടും അചഞ്ചലമായ മനസ്സോടും കൂടി ശബ്ദമുയർത്തുന്ന, എല്ലാ മതവിഭാഗങ്ങളെയും, അവിശ്വാസികളെയും പോലും ഒന്നിപ്പിച്ച് സംഭാഷണങ്ങൾക്ക് അവസരമൊരുക്കുന്ന മറ്റൊരു പ്രസ്ഥാനത്തെയും എന്റെ രാജ്യത്ത് എനിക്കറിയില്ല. നമുക്കും മറ്റ് രാജ്യങ്ങൾക്കുമിടയിൽ സമാധാനം നിലനിർത്താൻ ഇത്തരം സംഭാഷണങ്ങൾ അത്യന്താപേക്ഷിതമാണ്. അഹ്മദിയ്യാ ഖലീഫ സമാധാനത്തിന്റെ പ്രാധാന്യത്തിന് ഏറ്റവും കൂടുതൽ ഊന്നൽ നൽകുന്ന ഒരു ആഗോള നേതാവാണ്.

### Seema Malhotra, MP for Feltham and Heston

'സംഘർഷങ്ങൾ ഒഴിവാക്കാനും കൂടുതൽ സമാധാനപരമായ സമൂഹം കെട്ടിപ്പടുക്കാനും സാമൂഹിക സംഘടനകൾക്കും മതവിഭാഗങ്ങൾക്കും പൗരസമൂഹത്തിന്റെ നേതാക്കൾക്കും വലിയ പങ്കുവഹിക്കാൻ കഴിയുമെന്ന് നമ്മൾ കാണുന്നു. ആളുകൾക്കും സമുദായങ്ങൾക്കുമിടയിൽ പരസ്പര ധാരണ വളർത്താനും അവരെ അടുപ്പിക്കാനും ഇത് സഹായിക്കുന്നു.

അതുകൊണ്ടാണ് കഴിഞ്ഞ കുറേ വർഷങ്ങളായി ഞാൻ അടുത്തറിയുന്ന ജമാഅത്ത് അഹ്മദിയ്യയുടെ സേവനങ്ങളെയും ഖലീഫത്തുൽ മസീഹിന്റെ നേതൃത്വത്തെയും ഞാൻ അഭിനന്ദിക്കുന്നത്. സമാധാനത്തിനും നീതിക്കും മാനുഷിക അന്തസ്സിനും വേണ്ടിയുള്ള അവിടുത്തെ നിരന്തരമായ ശബ്ദം ലോകമെമ്പാടുമുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നു.

യുക്രൈനിലും ഗസ്സയിലും നടന്ന യുദ്ധത്തിന്റെ ഭീകരത നമ്മൾ കണ്ടു. വർദ്ധിച്ചുവരുന്ന സംഘർഷങ്ങളും സമീപകാലത്ത് ഇറാനിലെ തർക്കങ്ങളും നമ്മൾ കണ്ടു. യുദ്ധം നമ്മുടെ തലമുറയുടെ അടയാളമായി മാറാൻ നമ്മൾ അനുവദിക്കരുത്, മറിച്ച് നമ്മുടെ പാരമ്പര്യം സമാധാനമായിരിക്കണം.

ഇന്നത്തെ പരിപാടിയിലേക്ക് ക്ഷണിച്ചതിനും മാനവിക സേവനത്തിനും സുസ്ഥിര സമാധാനത്തിനായുള്ള അങ്ങയുടെ എല്ലാ പരിശ്രമങ്ങൾക്കും ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു. ഇന്നത്തെ സിമ്പോസിയത്തിൽ നിങ്ങളോടൊപ്പം പങ്കുചേരാൻ സാധിച്ചത് എനിക്ക് വലിയ ബഹുമതിയാണ്. നന്ദി.'

## പീസ് സിമ്പോസിയത്തെക്കുറിച്ചും ഹുസൂർ തിരുമനസ്സിന്റെ പ്രസംഗത്തെക്കുറിച്ചും സംഘാടകരുടെയും അതിഥികളുടെയും അഭിപ്രായങ്ങൾ:

### റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ്

(അമീർ, ജമാഅത്ത് അഹ്മദിയ്യാ യുകെ):

പരിപാടിക്ക് ശേഷം 'അൽഫള്ൽ ഇന്റർനാഷണൽ' പ്രതിനിധിയോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു: 'ലോകത്തിലെ വിവിധ ഭാഗങ്ങളിൽ ഇപ്പോൾ യുദ്ധങ്ങളും കൊലപാതകങ്ങളും നടക്കുകയാണ്,

ശേഷം പേജ് 9 ൽ

# ഖുത്വ്ബ ജുമുഅ

2026 മെയ് 01, 1405 ഹിജ്റത്ത് 01
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# തിരുനബി(സ)യുടെ പ്രതിബിംബം: ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ജീവിതത്തിലെ സത്യനിഷ്ഠ

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് ഞാൻ, **തിരുനബി (സ)യുടെ സത്യദാസനായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജീവിതത്തിലും ചര്യയിലും സത്യം മുറുകെ പിടിക്കുകയും, എന്ത് വിലകൊടുത്തും അതിൽ ഉറച്ചുനിൽക്കുകയും, ഈ വിഷയത്തിൽ എതിരാളികളെ വെല്ലുവിളിക്കുകയും ചെയ്ത ചില സംഭവങ്ങൾ** വിവരിക്കാം.

ആദ്യം, അദ്ദേഹത്തിന്റെ ബദ്ധവൈരിയായിരുന്ന മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബ്, അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) കാഫിറെന്നും കദ്ദാബെന്നും (പെരുംനുണയൻ) ആരോപിച്ചിരുന്നു, ആ ആരോപണത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ മറുപടി അവതരിപ്പിക്കാം. **നീതിദൃഷ്ട്യാ നോക്കുന്ന ആർക്കും തന്നെ ഈ ആരോപണങ്ങളെ ഒരിക്കലും വിശ്വസിക്കാൻ കഴിയാത്ത വിധം അത്ര വ്യക്തവും പ്രകടവുമായ ഒരു മറുപടിയും വെല്ലുവിളിയുമാണത്. എന്നാൽ കണ്ണുകൾ മൂടിക്കെട്ടിയാൽ പിന്നെ പ്രകാശം കാണാൻ കഴിയില്ലല്ലോ. ഇന്നത്തെ മൗലവിമാരുടെ സ്ഥിതിയും മറിച്ചല്ല.**

ഒരിക്കൽ മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദിന് ഒരു കത്തെഴുതുകയും അതിൽ അദ്ദേഹത്തെ (മതവിരോധി) ഇസ്‌ലാം മതവിരോധി, കാഫിർ, കദ്ദാബ് എന്നൊക്കെ വിശേഷിപ്പിക്കുകയും ചെയ്തു. നഊദുബില്ലാഹ്. മൗലവി സാഹിബിന്റെ ആ കത്തിന് വിശദമായ മറുപടി നൽകിക്കൊണ്ട് അദ്ദേഹം ഇപ്രകാരം എഴുതി:

**സത്യാന്വേഷണത്വരയോടെ എന്റെ ജീവിതചരിത്രത്തിലേക്ക് ദൃഷ്ടി പതിപ്പിക്കുക യാണെങ്കിൽ അല്ലാഹു എന്നെ എപ്പോഴും കളവിന്റെ അശുദ്ധിയിൽ നിന്ന് സംരക്ഷിച്ചുപോന്നിട്ടുണ്ട് എന്നത് അനിഷേധ്യമായ തെളിവുകളിലൂടെ നിങ്ങൾക്ക് വ്യക്തമാകുന്നതാണ്.** ചിലപ്പോൾ ബ്രിട്ടിഷ് കോടതികളിൽ എന്റെ ജീവനും അന്തസ്സും ഏറെ അപകടത്തിലായ ഘട്ടങ്ങളിൽ കളവ് പറയുകയല്ലാതെ മറ്റൊരു മാർഗവുമില്ലെന്ന് അഭിഭാഷകർ എന്നോട് അഭിപ്രായപ്പെട്ടു. കള്ളം പറഞ്ഞാൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ എന്ന് എല്ലാവരും പറഞ്ഞു. എന്നാൽ **അല്ലാഹു തൗഫീഖ് നല്കിയതിനാൽ സത്യത്തിനുവേണ്ടി എന്റെ ജീവനും അന്തസ്സും ഉപേക്ഷിക്കാൻ ഞാൻ തയ്യാറായി. പലപ്പോഴും സാമ്പത്തിക കേസുകളിൽ കേവലം സത്യത്തിനുവേണ്ടി ഞാൻ ഭീമമായ നഷ്ടങ്ങൾ സഹിച്ചു. പലപ്പോഴും ദൈവഭയത്താൽ മാത്രം സ്വന്തം പിതാവിനും സഹോദരനും എതിരെ സാക്ഷി പറയുകയും സത്യത്തെ കൈവിടാതിരിക്കുകയും ചെയ്തു.**

അദ്ദേഹം പ്രസ്താവിക്കുന്നു: ഈ ഗ്രാമത്തിലും അതായത് **ഖാദിയാനിലും ബട്ടാല യിലും ഞാൻ ഒരു ആയുഷ്കാലം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എപ്പോഴെങ്കിലും എന്റെ നാവിൽ നിന്ന് കളവ് പുറപ്പെട്ടതായി ആർക്ക് തെളിയിക്കാൻ സാധിക്കും?** മനുഷ്യരോട് കളവ് പറയുന്ന ശീലം തുടക്കം മുതലേ അല്ലാഹുവിനുവേണ്ടി മാത്രം ഞാൻ ഉപേക്ഷിക്കുകയും സത്യത്തിനുവേണ്ടി പലതവണ സ്വന്തം ജീവനും ധനവും സമർപ്പിക്കുകയും ചെയ്തിട്ടുള്ളപ്പോൾ, **പിന്നെ ഞാൻ അല്ലാഹുവിന്റെ മേൽ എന്തിനാണ് കള്ളം പറയുന്നത്?**

കള്ളം പറയുന്നതും വഞ്ചിക്കുന്നതും അദ്ദേഹത്തിന്റെ അനിവാര്യമായ സ്വഭാവമായി മാറിയിരിക്കുന്നു എന്നും അത് അദ്ദേഹത്തിന്റെ പ്രകൃതിയുടെ ഒരു ഭാഗമാണെന്നും (നഊദുബില്ലാഹ്) ബട്ടാലവി സാഹിബ് ആ കത്തിൽ എഴുതിയിരുന്നു. എന്നാൽ യഥാർത്ഥ വസ്തുത മൗലവി സാഹിബിന്റെ ഈ വാദം വ്യക്തമായ കളവും കെട്ടിച്ചമച്ചതുമായിരുന്നു എന്നതാണ്. ഇതിന് യാതൊരു തെളിവും അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നില്ല. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മറുപടിയായി ഇപ്രകാരം എഴുതി:

ശൈഖ് സാഹിബ്! **തഖ്‌വയുള്ള കുലീനനായ ഒരാൾ ഒന്നാമതായി യാതൊരു അന്വേ ഷണവുമില്ലാതെ തന്റെ സഹോദരനു മേൽ പാപിയെന്നോ കാഫിറെന്നോ ഉള്ള ആരോപണം ഉന്നയിക്കാൻ ധൈര്യപ്പെടില്ല.** ഇനി അഥവാ ആരോപിക്കുകയാണെങ്കിൽ തന്നെ, അതിന് കാണുന്നവർക്ക് പകൽവെളിച്ചം പോലെ വ്യക്തമാ കുന്ന അത്രയും പൂർണമായ തെളിവ് ഹാജരാക്കും. ആകയാൽ മുകളിൽ പറഞ്ഞ ഈ രണ്ട് ഗുണങ്ങളും താങ്കളിൽ ഉണ്ടെങ്കിൽ, നബി തിരുമേനി(സ) ഏത് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ടാണോ അവധാനതയോടെ മറുപടി നൽകിയിരുന്നത്, ആ സർവ്വശക്തനായ അല്ലാഹുവിനെതൊട്ട് സത്യം ചെയ്ത് ഞാൻ ആവശ്യപ്പെടുന്നു, താങ്കളുടെ ഭാവനാനുസൃതമുള്ള ഈ രണ്ട് തരം മാലിന്യങ്ങളും ഈ എളിയവനിൽ ഉണ്ടെന്ന് തെളിയിച്ചു കാണിക്കണം. അതായത് ഒന്നാമതായി ഞാൻ ഇസ്‌ലാംമത വിരുദ്ധനും കാഫിറുമാണെന്നും, രണ്ടാമതായി കള്ളം പറയുക എന്നത് എന്റെ രീതിയാണെന്നും. ഞാൻ കാഫിറാണ് മുസ്‌ലിമല്ല എന്ന ഈ രണ്ട് ആരോപണങ്ങൾ നിങ്ങൾ ഉന്നയിക്കുന്നുണ്ടല്ലോ, അത് തെളിയിക്കുക. രണ്ടാമത്തെ ആരോപണം ഞാൻ കള്ളനാണെന്നാണ്, അതും തെളിയിക്കുക. അദ്ദേഹം പരാമർശിക്കുന്നു:

**നബിതിരുമേനി(സ) പ്രസ്താവിക്കുന്നു, സ്വപ്നങ്ങളിൽ ഏറ്റവും സത്യസന്ധൻ സംസാരത്തിൽ ഏറ്റവും സത്യസന്ധനായിട്ടുള്ളവനാണ്.**

ഈ ഹദീസിൽ നബിതിരു മേനി(സ) സത്യസന്ധന്റെ അടയാളമായി നിശ്ചയിച്ചിരിക്കു ന്നത് അയാളുടെ സ്വപ്നങ്ങളിൽ സത്യം പ്രബലമായിരിക്കും എന്നതാണ്. ഇപ്പോൾ താങ്കൾ നബിതിരുമേനി (സ)യിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെട്ടു കഴിഞ്ഞു. ആകയാൽ ഇത് കാപട്യത്തോടെയല്ല പറഞ്ഞതെങ്കിൽ, യഥാർത്ഥത്തിൽ നബി തിരുമേനി(സ)യിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, നബിതിരുമേനി(സ) തന്റെ വാക്കു കളിൽ സത്യവാനാണെന്ന് താങ്കൾ അറിയുന്നുണ്ടെങ്കിൽ, വരുക, ആരാണ് സത്യവാ നെന്നും ആരുടെ പ്രകൃതത്തിലാണ് കളവുള്ളതെന്നും ഈ രീതി അവലംബിച്ച് കൊണ്ട് നമുക്ക് പരസ്പരം പരീക്ഷിക്കാം. അതുപോലെ അല്ലാഹു ഖുർആനിൽ പ്രസ്താവിക്കുന്നു:

**ലഹുമുൽ ബുഷ്റാ ഫിൽ ഹയാത്തിദ്ദുൻയാ.**

അതായത് അവർക്ക് ഈ ഐഹിക ജീവിതത്തിലും അല്ലാഹുവിൽ നിന്നുള്ള സുവാർത്തകൾ ലഭിക്കാനുള്ള പ്രതിഫലം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതായത് **മറ്റുള്ളവരെ അപേക്ഷിച്ച് സത്യവിശ്വാസികളുടെ സ്വപ്നങ്ങൾ സത്യമായി പുലരുക എന്നത് അവരുടെ ഒരു സവിശേഷതയാണ്.** താങ്കൾ ഖുർആനിലും വിശ്വസിക്കുന്നു എന്ന് ഇപ്പോൾ അവകാശപ്പെട്ടല്ലോ. വളരെ നല്ലത്, സത്യവിശ്വാസിയാണെന്നതിന്റെ അടയാളം ആരിലാണുള്ള തെന്ന് ഖുർആന്റെ അടിസ്ഥാനത്തിലും നമുക്ക് പരീക്ഷിക്കാം. ഈ രണ്ട് പരീക്ഷണങ്ങളും ഇപ്രകാരം നടത്താം: **ബട്ടാലയിലോ ലാഹോറി ലോ അമൃത്സറിലോ ഒരു സദസ്സ് നിശ്ചയിച്ച് ഇരു പക്ഷത്തിന്റെയും സ്വപ്നങ്ങ ളുടെ സാക്ഷി**

**കൾ അവിടെ ഹാജരാകണം. എന്നിട്ട് നമ്മൾ രണ്ടുപേരിൽ ആരാണോ സുനിശ്ചിതവും അനിഷേധ്യവുമായ തെളിവുകളിലൂടെ സ്വന്തം സ്വപ്നങ്ങളിൽ ഏറ്റവും വലിയ സത്യവാനാണെന്ന് തെളിയിക്കപ്പെടുന്നത്, അയാളുടെ എതിരാളിയെ കദ്ദാബ്, ദജ്ജാൽ, കാഫിർ, അക്ഫർ, ശപിക്കപ്പെട്ടവൻ എന്നിങ്ങനെ എന്ത് പേരാണോ നിശ്ചയിക്കുന്നത് ആ പദവി തദവസരത്തിൽ തന്നെ നൽകേണ്ടതാണ്.**

**കഴിഞ്ഞ കാലത്തെ തെളിവുകൾ നൽകാൻ താങ്കൾക്ക് സാധിക്കുന്നില്ലെങ്കിൽ ഞാൻ അത് അംഗീകരിക്കാം, പകരം ആറുമാസം വരെ താങ്കൾക്ക് സമയം നൽകാം.** അദൃശ്യ കാര്യങ്ങൾ ഉൾക്കൊള്ളുന്ന താങ്കളുടെ അത്തരം സ്വപ്നങ്ങൾ ചില പത്രങ്ങളിൽ പ്രസിദ്ധീകരിക്കുക. ഞാൻ കഴിഞ്ഞകാല തെളിവുകൾ നൽകുന്നതിൽ മാത്രം ഒതുങ്ങിനിൽക്കില്ല, മറിച്ച് ഇൻശാ അല്ലാഹുൽ ഖദീർ താങ്കൾക്ക് എതിരെ എന്റെ സ്വപ്നങ്ങളും പ്രസിദ്ധീകരിക്കും. ഞാൻ ഖുർആനിലും നബി തിരുമേനി(സ)യിലും വിശ്വസിക്കുന്നു എന്ന താങ്കളുടെ അവകാശവാദത്തിന് സമാന മായി തന്നെയാണ് എന്റെ അവകാശവാദവും. അതായത് **ഞാൻ പൂർണ്ണഹൃദയത്തോടെ ആ പ്രിയപ്പെട്ട നബിതിരുമേനി(സ)യിലും ആ പ്രിയപ്പെട്ട ഗ്രന്ഥമായ ഖുർആനിലും വിശ്വസിക്കുന്നു.** തന്റെ അവകാശവാദത്തിൽ സത്യവാൻ ആരെന്നും കള്ളൻ ആരെന്നും ഇനി ഈ അടയാളത്തിലൂടെ പരീക്ഷിക്കപ്പെടട്ടെ. നബിതിരുമേനി(സ)യും ഖുർആനും നിശ്ചയിച്ച ഈ അടയാളപ്രകാരം ഞാൻ പരാജയപ്പെടുകയാണെങ്കിൽ, അപ്പോൾ താങ്കൾ സത്യവാനായിരിക്കും. നിങ്ങളുടെ വാക്കുകൾ പ്രകാരം ഞാൻ കാഫിറും ദജ്ജാലും ഈമാനില്ലാത്തവനും ശൈത്താനും കദ്ദാബും വ്യാജവാദിയുമായിത്തീരും. ആ സാഹചര്യത്തിൽ എന്നെക്കുറിച്ച് നിങ്ങൾ വച്ചു പുലർത്തുന്ന എല്ലാ ദുഷ്ചിന്തകളും ശരിയും സത്യവുമാണെന്ന് വരും. അതായത് ഞാൻ ബറാഹീനെ അഹ്മദിയ്യയിലൂടെ വഞ്ചിച്ചുവെന്നും ആളുകളുടെ പണം അപഹരിച്ചു വെന്നും പ്രാർത്ഥന സ്വീകരിക്കപ്പെടുമെന്ന വാഗ്ദാനം നൽകി ജനങ്ങളുടെ ധനം നശിപ്പിച്ചുവെന്നും ഹറാം തിന്ന് ജീവിതം നയിച്ചുവെന്നുമുള്ള താങ്കളുടെ എല്ലാ മോശമായ ധാരണകളും സത്യമാകും. എന്നാൽ സത്യവിശ്വാസികൾക്കും സത്യസന്ധർക്കും നീതിമാന്മാർക്കും ലഭിക്കുന്ന അല്ലാഹുവിന്റെ ആ അനുഗ്രഹം എന്നെ സത്യവാനായി തെളിയിക്കുകയാണെങ്കിൽ, പറയുക, അപ്പോൾ ഈ പേരുകളെല്ലാം താങ്കളുടെ മൗലവി സ്ഥാനത്തിന് അനു യോജ്യമാകില്ലേ? അതോ അപ്പോഴും വഴുതി മാറാനാണോ നിങ്ങളുടെ ഭാവം? ഇതൊരു വെല്ലുവിളിയാണ്. താങ്കൾ എന്നെ ഒരുപാട് പ്രയാസപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തു. ഞാൻ ക്ഷമിച്ചു പോന്നു, എന്നാൽ നിങ്ങളുടെ അന്തരംഗത്തെ അറിയുന്ന ആ സർവ്വശക്തനെ താങ്കൾ അല്പം പോലും ഭയപ്പെട്ടില്ല. താങ്കളെക്കുറിച്ചും താങ്കളുടെ സമാന ചിന്താ ഗതിക്കാരായ ആളുകളെ ക്കുറിച്ചും അവൻ എനിക്ക് ഒരു പ്രവചനത്തിലൂടെ അറിവ് നൽകി യിട്ടുണ്ട്:

***ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനതക.***

അതായത് നിന്നെ നിന്ദിക്കാൻ ശ്രമിക്കുന്നവനെ തീർച്ചയായും ഞാൻ അപമാനിക്കുന്നതാണ്.

തീർച്ചയായും മനസ്സിലാക്കുക, ഈ ആരോപണങ്ങളിലെല്ലാം **താങ്കൾ വ്യാജനാണെന്ന് അല്ലാഹു തെളിയിക്കുന്ന ആ സമയം സമീപസ്ഥമായിരിക്കുന്നു. വ്യാജാ രോപണങ്ങൾ ഉന്നയിക്കുന്നവർ ക്കും കെട്ടിച്ചമയ്ക്കുന്നവർക്കും ഉണ്ടാകാറുള്ള ആ നിന്ദ്യതയും പശ്ചാത്താപവും താങ്കളുടെമേൽ അവൻ ഇറക്കും.**

നിങ്ങൾ ഖുർആനിലും നബി തിരുമേനി(സ)യിലും വിശ്വസിക്കുന്നു എന്ന് അവകാശ പ്പെടുന്നുണ്ടല്ലോ. മൗലവി സാഹിബേ, **താങ്കളുടെ ഈ വാദത്തിൽ താങ്കൾ സത്യസന്ധനാണെങ്കിൽ പരീക്ഷണത്തിനായി രംഗത്തേക്ക് വരിക; അല്ലാഹു നമുക്കിടയിൽ സ്വയം തീർപ്പു കൽപ്പിക്കട്ടെ, കള്ളനും ദജ്ജാലും ആരെന്ന് ലോകമറിയട്ടെ.** ഈ സമയം സത്യത്തെ പിന്തുണയ്ക്കാനായി എന്റെ ഉള്ളിൽ നിന്ന് ഒരു കാര്യം പുറത്തുവരുന്നു, എനിക്കത് തടയാൻ കഴിയുന്നില്ല. കാരണം അത് എന്റെ മനോവ്യാപാരമല്ല, മറിച്ച് സശക്തം അലയടിക്കുന്ന ദൈവിക മായ ഒരു വെളി പ്പെടുത്തലാണ്. അത് ഇപ്രകാരമാണ്: താങ്കൾ എന്നെ കാഫിറായി പ്രഖ്യാപിക്കുകയും കള്ളം പറയുക എന്നത് എന്റെ പ്രകൃതിയുടെ പ്രത്യേകതയായി നിശ്ചയിക്കുകയും ചെയ്ത സ്ഥിതിക്ക്, അല്ലാഹുവിനെ സാക്ഷി നിർത്തി ഞാൻ ആവശ്യപ്പെടുന്നു, മുകളിൽ വിവരിച്ചതുപോലെ ഉടൻ എന്റെ മുന്നിലേക്ക് വരുക. ഖുർആന്റെയും നബിതിരുമേനി (സ)യുടെ പ്രസ്താവനകളുടെയും അടിസ്ഥാനത്തിൽ ആരാണ് കള്ളനും ദജ്ജാലും കാഫിറുമെന്ന് അപ്പോൾ കാണാം.

*(ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനി ഖസാഇൻ ഭാഗം:5, പേജ്: 289-295)*

ഇതിന്റെ തുടർച്ചയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരവും പ്രസ്താവി ക്കുന്നു:

ഇതോടൊപ്പം സത്യസന്ധരെ പരീക്ഷിക്കാനുള്ള മറ്റൊരു മാർഗവും അല്ലാഹു സ്വയം സൃഷ്ടിക്കാറുണ്ട്. അതായത്, മനുഷ്യൻ ചിലപ്പോൾ അത്തരം വലിയൊരു പരീക്ഷ ണത്തിൽ അകപ്പെട്ടുപോകും, ആ സമയം കളവ് പറയുകയല്ലാതെ രക്ഷപ്പെടാനോ വിജയിക്കാനോ മറ്റൊരു വഴിയും അവന്റെ മുന്നിൽ ഉണ്ടാവില്ല. അപ്പോഴാണ് അവന്റെ പ്രകൃതിയിൽ സത്യമാണോ കളവാണോ ഉള്ളതെന്ന് പരീക്ഷിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ പ്രകൃതിയിൽ കളവാണുള്ളതെന്ന് മൗലവി സാഹിബ് എഴുതിയിരുന്നല്ലോ. അദ്ദേഹം പ്രസ്താവിക്കുന്നു: **പരീക്ഷണ ഘട്ടത്തിലാണ് സത്യമാണോ കളവാണോ ഉള്ളതെന്ന് വ്യക്തമാകുക. ആ നിർണായക നിമിഷത്തിൽ അയാളുടെ നാവി ലൂടെ സത്യമാണോ വരുന്നത്, അതോ സ്വന്തം ജീവനെയോ അന്തസ്സിനെയോ ധനത്തെയോ ഭയപ്പെട്ട് കള്ളം പറയാൻ തുടങ്ങുമോ? ഇത്തരത്തിലുള്ള പല അനുഭവങ്ങളും ഈ എളിയവന് ഉണ്ടായിട്ടുണ്ട്,** അവ വിശദമായി വിവരിക്കുന്നത് ദൈർഘ്യത്തിന് കാരണമാകും. എങ്കിലും മൂന്ന് ഉദാഹരണങ്ങൾ ഞാൻ ഇവിടെ വിവരിക്കാം. സത്യസന്ധതയുടെ ഇത്തരം പരീക്ഷണങ്ങൾ താങ്കൾക്കും ഉണ്ടായിട്ടു ണ്ടെങ്കിൽ അല്ലാഹുവിനെ സത്യം ചെയ്ത് ഞാൻ ആവശ്യപ്പെടുന്നു, താങ്കൾ അത് തെളിവുകൾ സഹിതം പ്രസിദ്ധീകരിക്കുക. അപ്പോൾ മാത്രമേ ഇത് വെറുമൊരു അവകാശ വാദമല്ലെന്നും പരീക്ഷണങ്ങളുടെയും കഷ്ടതകളുടെയും നടുവിൽ അകപ്പെട്ടപ്പോഴും താങ്കൾ സത്യത്തെ കൈവിട്ടില്ലെന്നും കള്ളം പറഞ്ഞില്ലെന്നും മനസ്സിലാ ക്കാൻ സാധിക്കൂ. അത്തരം ഉദാഹരണങ്ങൾ കൊണ്ടുവരൂ, നമുക്ക് മത്സരിക്കാം.

ഹദ്റത്ത് തന്റെ ജീവിതത്തിലെ ചില ഉദാഹരണങ്ങൾ ഇപ്രകാരം വിവരിക്കുന്നു:

**ഒന്നാമത്തെ സംഭവം:** എന്റെ പിതാവിന്റെ വിയോഗത്തിന് ശേഷം ലാഹോറിലെ മിർസാ അഅ്സം ബേഗ് സാഹിബ്, ഖാദിയാനിലെ സ്വത്തുക്കളുടെ പങ്കാളികളുമായി ചേർന്ന് എനിക്കും എന്റെ പരേതനായ സഹോദരൻ മിർസാ ഗുലാം ഖാദിറിനും എതിരെ ജില്ലാ

**• ഹദീഥുന്നബ്‌വി ﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വി ﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

കോടതിയിൽ കേസ് ഫയൽ ചെയ്തു. ആ പാർട്ട്നേഴ്സിന് അഥവാ പങ്കാളികൾക്ക് യഥാർത്ഥത്തിൽ ഈ ഉടമസ്ഥതയിൽ വലിയ താത്പര്യമില്ലെന്ന് എനിക്ക് വ്യക്തമായിരുന്നു. കാരണം സിക്കുകളുടെ കാലത്ത് നശിച്ചുപോയ ഒരു സ്വത്തായിരുന്നു അത്. എന്റെ പിതാവ് ഒറ്റയ്ക്ക് കേസുകൾ നടത്തി ഏകദേശം എണ്ണായിരം രൂപയോളം ചെലവാക്കി വീണ്ടെടുത്ത സ്വത്താണിത്. ആ ചെലവിൽ ഈ പങ്കാളികൾ ഒരു പൈസ പോലും നൽകിയിരുന്നില്ല. ആ കേസുകൾ നടന്നു കൊണ്ടിരിക്കെ വിജയത്തിനായി ഞാൻ പ്രാർത്ഥിച്ചപ്പോൾ ഇപ്രകാരം ഒരു വെളിപാടുണ്ടായി:

**അജീബു കുല്ല ദുആഇക**
**ഇല്ലാ ഫീ ശുറകാഇക**

അതായത്, താങ്കളുടെ എല്ലാ പ്രാർത്ഥനകളും ഞാൻ സ്വീകരിക്കും, എന്നാൽ ഈ പങ്കാളികളുടെ കാര്യത്തിലുള്ള പ്രാർത്ഥന സ്വീകരിക്കില്ല. താങ്കൾ ഇപ്പോൾ ചെയ്യുന്ന ഈ പ്രാർത്ഥന ഫലിക്കില്ല.

ഈ വെളിപാട് ലഭിച്ച ഉടൻ ഞാൻ എന്റെ സഹോദരനെയും സ്ത്രീകളും പുരുഷന്മാരുമായ എല്ലാ ബന്ധുക്കളെയും വിളിച്ചു കൂട്ടി (അവരിൽ ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്) അവരോട് കാര്യങ്ങൾ തുറന്നു പറഞ്ഞു: പങ്കാളികളുമായി കേസ് നടത്തരുത്, അത് ദൈവഹിതത്തിന് വിരുദ്ധമാണ്. നമ്മൾ കേസ് നടത്താൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. എന്നാൽ അവർ അത് സ്വീകരിച്ചില്ല, ഒടുവിൽ പരാജയപ്പെടുകയും ചെയ്തു. പക്ഷേ എന്റെ ഭാഗത്തുനിന്ന് ആയിരക്കണക്കിന് രൂപയുടെ നഷ്ടം സഹി ക്കാനുള്ള ഉറച്ച നിലപാട് ഞാൻ സ്വീകരിച്ചു. എനിക്ക് സാമ്പത്തിക നഷ്ടമുണ്ടായെങ്കിലും അല്ലാഹു തടഞ്ഞ ആ കാര്യത്തിൽ ഞാൻ ഉറച്ചുനിന്നു, അതിനാൽ കേസ് നടത്തിയില്ല. ഇന്ന് എന്റെ ശത്രു ക്കളായിരിക്കുന്നവർ പോലും ഞാൻ ആ കേസ് നടത്തിയിട്ടില്ല എന്നതിന് സാക്ഷികളാണ്. കൃഷിസംബന്ധമായ എല്ലാ കാര്യങ്ങളും സഹോദരന്റെ കൈവശമായിരുന്നതിനാൽ ഞാൻ അദ്ദേഹത്തെ പലതവണ ഉപദേശിച്ചെങ്കിലും അദ്ദേഹം കേട്ടില്ല, ഒടുവിൽ കേസിൽ പരാജയപ്പെടുകയും നഷ്ടം സംഭവി ക്കുകയും ചെയ്തു.

**രണ്ടാമത്തെ ഉദാഹരണം** അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു: ഏകദേശം പതിനഞ്ചോ പതിനാറോ വർഷങ്ങൾക്ക് മുൻപുള്ള കാര്യമാണ്, ഒരുപക്ഷേ അതിൽ കൂടുതലായിരിക്കാം. ഈ എളിയവൻ ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ട് ആര്യസമാജക്കാർക്ക് എതിരെ ഒരു ലേഖനം എഴുതി. അമൃതസറിൽ താമസിച്ചിരുന്ന റളിയാറാം എന്ന ഒരു ക്രിസ്ത്യാനിയുടെ പ്രസ്സിൽ അത് അച്ചടിക്കാൻ അയച്ചു. അദ്ദേഹം ഒരു വക്കീലുമായിരുന്നു. ഒരു പത്രം നടത്തുന്നുമുണ്ടായിരുന്നു. ലേഖനം ഇരുവശവും തുറന്ന ഒരു കവറിലാക്കിയാണ് അയച്ചത്. ആ പാക്കറ്റിനുള്ളിൽ ഒരു കത്തും ഞാൻ വച്ചിരുന്നു. കത്തിലെ വരികളിൽ ഇസ്‌ലാമിനെ പിന്തുണയ്ക്കുന്നതും മറ്റു മത ങ്ങളുടെ പൊള്ളത്തരത്തെ സൂചിപ്പിക്കുന്നതുമായ കാര്യങ്ങൾ ഉണ്ടായിരുന്നു. കൂടാതെ ലേഖനം വേഗം അച്ചടിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്തിരുന്നു. മതപരമായ വിയോജിപ്പ് കാരണം ആ ക്രിസ്ത്യാനി പ്രകോപിതനായി. കവറിനുള്ളിൽ കത്ത് വയ്ക്കുന്നത് നിയമപരമായി കുറ്റകരമായിരുന്നു, അന്ന് എനിക്ക് അക്കാര്യം അറിയില്ലായിരുന്നു. തപാൽ നിയമപ്രകാരം ഇതിന് അഞ്ഞൂറ് രൂപ പിഴയോ ആറുമാസം തടവോ ലഭിക്കുമായിരുന്നു. ശത്രുത തീർക്കാൻ ഈ അവസരം ഉപയോഗിച്ച് അദ്ദേഹം പോസ്റ്റ് ഓഫീസിലെ ഉദ്യോഗസ്ഥരെ അറിയിക്കുകയും എനിക്കെതിരെ കേസ് നൽകുകയും ചെയ്തു.

കേസിനെക്കുറിച്ച് എനിക്ക് അറിവ് ലഭിക്കുന്നതിന് മുൻപ് തന്നെ അല്ലാഹു സ്വപ്ന ത്തിലൂടെ എനിക്ക് ഒരു കാര്യം വെളിപ്പെടുത്തിത്തന്നു: വക്കീലായ റളിയാറാം എന്നെ കടിക്കാനായി ഒരു പാമ്പിനെ അയച്ചിരിക്കുന്നു, എന്നാൽ ഞാൻ അതിനെ ഒരു മീനി നെപ്പോലെ പൊരിച്ചെടുത്ത് തിരിച്ചയച്ചു. ഈ കേസ് കോടതി യിൽ അവസാനിക്കുന്ന രീതി വക്കീലന്മാർക്ക് ഒരു പാഠമായിരിക്കും എന്നതിലേക്കുള്ള സൂചനയായിരു ന്നു അത്. അങ്ങനെ ഗുർദാസ്പൂർ ജില്ലാ കേന്ദ്രത്തിൽ ഹാജരാകാൻ എനിക്ക് സമൻസ് ലഭിച്ചു. കേസുമായി ബന്ധപ്പെട്ട് ഞാൻ ഉപദേശം തേടിയ വക്കീൽമാരെല്ലാം പറഞ്ഞത്, കള്ളം പറയുകയല്ലാതെ മറ്റൊരു വഴിയും ഇതിലില്ല എന്നാണ്. പാക്കറ്റിൽ ഞാൻ കത്ത് വെച്ചിട്ടില്ലെന്നും റളിയാറാം തന്നെ വെച്ചതായിരിക്കുമെന്നും മൊഴി നൽകാനാണ് അവർ നിർദേശിച്ചത്. ഇപ്രകാരം മൊഴി നൽകിയാൽ തെളിവുകളു ടെ അടിസ്ഥാനത്തിൽ കേസ് ജയിക്കാമെന്നും രണ്ടു മൂന്ന് കള്ള സാക്ഷികളെ ഹാജരാക്കിയാൽ വിമുക്തനാകാമെന്നും അവർ എന്നെ ആശ്വസിപ്പിച്ചു. അല്ലാത്തപക്ഷം കേസ് വളരെ പ്രയാസ കരമായിരിക്കുമെന്നും രക്ഷപ്പെടാൻ മറ്റ് വഴികളില്ലെന്നും അവർ പറഞ്ഞു. എന്നാൽ ഞാൻ അവരോടെല്ലാം മറുപടി നൽകി: ഒരു സാഹചര്യത്തിലും സത്യം കൈവിടാൻ ഞാൻ ആഗ്രഹിക്കുന്നില്ല, എന്തു തന്നെയായാലും ഞാൻ കള്ളം പറയില്ല.

അന്ന് അല്ലെങ്കിൽ പിറ്റേദിവസം ഒരു ഇംഗ്ലീഷ് ജഡ്ജിയുടെ കോടതിയിൽ ഞാൻ ഹാജരാക്കപ്പെട്ടു. എനിക്കെതിരെ ഗവൺമെന്റ് വാദിയായി തപാൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും ഉണ്ടായിരുന്നു. ജഡ്ജി നേരിട്ട് എന്റെ മൊഴി രേഖപ്പെടുത്താൻ തുടങ്ങി. ആദ്യം അദ്ദേഹം ചോദിച്ചത്: 'ഈ കത്ത് കവറിൽ വച്ചത് താങ്കളാണോ? ഈ കത്തും കവറും താങ്കളുടേതാണോ? യാതൊരു മടിയുമില്ലാതെ ഞാൻ മറുപടി നൽകി: 'അതെ, ഇത് എന്റെ കത്തും എന്റെ പാക്കറ്റുമാണ്. ഈ കത്ത് കവറിനു ള്ളിൽ വെച്ച് അയച്ചത് ഞാൻ തന്നെയാണ്. എന്നാൽ ഗവൺമെന്റിന് നികുതി നഷ്ട പ്പെടുത്തണമെന്ന ദുരുദ്ദേശ്യത്തോടെയല്ല ഞാൻ ഇത് ചെയ്തത്. ടിക്കറ്റ് പണം ലാഭിക്കാനായിരുന്നില്ല അത്. ആ ലേഖനത്തിന്റെ ഭാഗം തന്നെയാണ് ഈ കത്തെന്ന് ഞാൻ കരുതി. അതിൽ വ്യക്തിപരമായ (സ്വകാര്യമായ) യാതൊരു കാര്യവും എഴുതി യിരുന്നില്ല.'

ഈ മറുപടി കേട്ട ഉടൻ അല്ലാഹു ആ ഇംഗ്ലീഷ് ജഡ്ജിയുടെ മനസ്സിനെ എനിക്ക് അനുകൂലമാക്കി മാറ്റി. എനിക്കെതിരെ തപാൽ വകുപ്പ് ഉദ്യോഗസ്ഥൻ വലിയ ബഹളം വെക്കുകയും ഇംഗ്ലീഷിൽ നെടുനെടുങ്കൻ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. എനിക്ക് ഇംഗ്ലീഷ് വശമില്ലായിരുന്നു എങ്കിലും ഓരോ വാദത്തിന് ശേഷവും ആ ജഡ്ജി 'നോ, നോ' (ഇല്ല, ഇല്ല) എന്ന് പറഞ്ഞുകൊണ്ട് അയാളുടെ എല്ലാ വാദ ങ്ങളെയും തള്ളിക്കളയുന്നത് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. ഒടുവിൽ വാദി എല്ലാം പറഞ്ഞു തീർത്തപ്പോൾ ജഡ്ജി വിധി എഴുതാൻ തുടങ്ങി. ഒന്നോ ഒന്നരയോ വരികൾ എഴുതിയ ശേഷം എന്നോട് പറഞ്ഞു: 'ശരി, നിങ്ങൾക്ക് പോകാം.' ഇത് കേട്ടതും ഞാൻ കോടതി മുറിയിൽ നിന്ന് പുറത്തുവന്ന് എന്റെ യഥാർത്ഥ സഹായി യായ അല്ലാഹുവിന് നന്ദി പറഞ്ഞു. ഇംഗ്ലീഷ് ഉദ്യോഗസ്ഥനായ വാദിക്കെതിരെ എനിക്ക് വിജയം നൽകിയത് അവനാണ്. സത്യസന്ധതയുടെ ബർക്കത്താൽ അല്ലാഹു എന്നെ ആ ആപത്തിൽ നിന്ന് രക്ഷിച്ചു എന്ന് എനിക്ക് നന്നായി അറിയാം. ഇതിന് മുൻപ് ഞാൻ മറ്റൊരു സ്വപ്നവും കണ്ടിരുന്നു: ഒരാൾ എന്റെ തൊപ്പി മാറ്റാ നായി കൈ നീട്ടുന്നു, അപ്പോൾ ഞാൻ ചോദിച്ചു 'താങ്കൾ എന്താണ് ചെയ്യാൻ പോകുന്നത്?' അപ്പോൾ അയാൾ ആ തൊപ്പി എന്റെ തലയിൽ തന്നെ വച്ചുകൊണ്ട് പറഞ്ഞു: ശരി, കുഴപ്പമില്ല.

പിന്നെ **മൂന്നാമത്തെ ഉദാഹരണം** അദ്ദേഹം ഇപ്രകാരം നൽകുന്നു: ഇതിലൊരു മാതൃക ഇതാണ്, എന്റെ മകൻ സുൽത്താൻ അഹ്മദ് ഒരു ഹിന്ദുവിനെതിരെ ഇപ്ര കാരം ഒരു കേസ് നൽകുകയുണ്ടായി, അതായത് അയാൾ ഞങ്ങളുടെ ഭൂമിയിൽ ഒരു വീട് നിർമ്മിച്ചിരിക്കുന്നു. ആ വീട് പൊളിച്ചുനീക്കണം എന്നതായിരുന്നു ആവശ്യം. എന്നാൽ ആ കേസ് തയ്യാറാക്കിയതിൽ വസ്തുതാ വിരുദ്ധമായ


**• ഹദീഥുന്നബവി ﷺ •**

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

ഒരു കാര്യമുണ്ടായിരുന്നു, അത് തെളിയിക്കപ്പെട്ടാൽ ആ കേസ് തള്ളിപ്പോകുമായിരുന്നു. കേസ് തള്ള പ്പെട്ടാൽ സുൽത്താൻ അഹ്മദിന് മാത്രമല്ല, എനിക്കും ഉടമസ്ഥാവകാശം നഷ്ടപ്പെടുന്ന രീതിയിലുള്ള ദോഷം സംഭവിക്കുമായിരുന്നു. ഈ അവസരം മുതലെടുത്ത് എതിർ കക്ഷി എന്റെ സാക്ഷിമൊഴി രേഖപ്പെടുത്താൻ ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു, ശരി നമുക്ക് ഇദ്ദേഹത്തെത്തന്നെ സാക്ഷിയാക്കാം, ഇദ്ദേഹം എന്ത് പറയുന്നോ അത് നമ്മൾ സമ്മതിക്കാം. അങ്ങനെ ഞാൻ ബട്ടാലയിൽ പോവുകയും ബട്ടാല താലൂക്കിന് അടുത്തുള്ള സബ് പോസ്റ്റ് മാസ്റ്റർ ബാബു ഫതഹുദ്ദീന്റെ വീട്ടിൽ താമസിക്കുകയും ചെയ്തു. ഒരു ഹിന്ദു ജഡ്ജിയുടെ കോടതിയിലായിരുന്നു കേസ്, അദ്ദേഹത്തിന്റെ പേര് ഇപ്പോൾ ഓർമ്മയില്ല, എങ്കിലും അദ്ദേഹത്തിന്റെ ഒരു കാൽ മുടന്തുള്ളതായി രുന്നു. ആ സമയം സുൽത്താൻ അഹമദിന്റെ വക്കീൽ എന്റെ അടുത്ത് വന്ന് ചോദിച്ചു, ഇപ്പോൾ കേസ് പരിഗണിക്കുന്ന സമയമാണ്, നിങ്ങൾ എന്ത് മൊഴിയാണ് നൽകുക? ഞാൻ പറഞ്ഞു, യഥാർത്ഥ സംഗതിയും സത്യവും എന്താണോ അത് ഞാൻ മൊഴി നൽകും. അപ്പോൾ അദ്ദേഹം പറഞ്ഞു, എങ്കിൽ പിന്നെ നിങ്ങൾ കച്ചേരിയിൽ പോകേണ്ട ആവശ്യമെന്താണ്, ഞാൻ തന്നെ പൊയ്ക്കൊള്ളാം, ഇനി കേസ് നടത്തുന്നതിൽ അർത്ഥമില്ല. നിങ്ങൾ സത്യം പറഞ്ഞാൽ ഈ കേസ് അവിടെ അവസാനിക്കുമല്ലോ. ഞാൻ തിരിച്ചുപോവുകയാണ്, കേസിൽ നിന്ന് പിന്മാറാം എന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ കേവലം സത്യത്തോടുള്ള ആദരവ് നിമിത്തം ആ കേസ് ഞാൻ തന്നെ നശിപ്പിച്ചു. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് സത്യസന്ധമായ സംസാരത്തിന് മുൻഗണന നൽകുകയും സാമ്പത്തിക നഷ്ടത്തെ തൃണവത്ഗണിക്കുകയും ചെയ്തു. അല്ലാഹുവിന്റെ തൃപ്തിയാണ് ഞാൻ ആഗ്രഹിച്ചത്.

ഈ അവസാനത്തെ രണ്ട് ഉദാഹരണങ്ങളും തെളിവില്ലാത്തവയല്ല. ഒന്നാമത്തെ സംഭവത്തിന് സാക്ഷികൾ ഗുർദാസ്പൂരിലെ വക്കീൽ ശൈഖ് അലി അഹമദും സർദാർ മുഹമ്മദ് ഹയാത്ത് ഖാൻ സാഹിബ് സി.എസ്.ഐ യുമാണ്. കൂടാതെ ഇതിന്റെ രേഖകൾ ഗുർദാസ്പൂർ ഓഫീസിൽ ഉണ്ടായിരിക്കും. രണ്ടാമത്തെ സംഭവ ത്തിന് സാക്ഷി ബാബു ഫതഹുദ്ദീനും അന്ന് എനിക്ക് വേണ്ടി ഹാജരായ വക്കീലുമാണ് (അദ്ദേഹത്തിന്റെ പേര് ഇപ്പോൾ ഓർമ്മയില്ല), പിന്നെ ഞാൻ നേരത്തെ പരാമർശിച്ച ജഡ്ജിയു മാണ്, അദ്ദേഹം ഇപ്പോൾ ലുധിയാനയിലേക്ക് മാറിയിട്ടുണ്ടാകാം. ഏകദേശം ഏഴ് വർഷങ്ങൾക്ക് മുൻപായിരിക്കും ഈ കേസ് നടന്നത്. അതെ, ഇപ്പോൾ ഓർമ്മ വരുന്നു, ബട്ടാലയിലെ തഹ്സീൽ ദാർ നബി ബഖ്ഷും ഈ കേസിലെ ഒരു സാക്ഷിയാണ്.

ഇനി ഹദ്റത്ത് ശൈഖ് സാഹിബ്, അതായത് മൗലവി സാഹിബിനെ അഭിസംബോ ധന ചെയ്തുകൊണ്ട് അദ്ദേഹം പ്രസ്താവിക്കുന്നു: സത്യം പറഞ്ഞാൽ താങ്കളുടെ ജീവനും അന്തസ്സും ധനവും നശിക്കുമെന്ന് ഉറപ്പുള്ള അത്രയും കഠിനമായ പരീക്ഷണ ഘട്ടങ്ങൾ ഉണ്ടായിട്ടും താങ്കൾ സത്യം കൈവിട്ടിട്ടില്ലെങ്കിൽ, ദയവായി ആ സംഭവം പൂർണ്ണമായ തെളിവുകൾ സഹിതം ഹാജരാക്കുക. അല്ലാത്ത പക്ഷം, ഈ കാലഘട്ടത്തിലെ മിക്ക മുല്ലമാരുടെയും മൗലവിമാരുടെയും സംസാരം വെറുംവാക്കുകൾ മാത്രമാണെന്നാണ് എന്റെ വിശ്വാസം. നയാപൈസയ്ക്ക് വേണ്ടി ഈമാൻ വിൽക്കാൻ തയ്യാറുള്ളവരാണവർ. കാരണം നമ്മുടെ നബി തിരുമേനി(സ) അവസാന കാലത്തെ മൗലവിമാരെ സൃഷ്ടികളിൽ വെച്ച് ഏറ്റവും നികൃഷ്ടർ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. താങ്കളുടെ മുജദ്ദിദ് നവാബ് സിദ്ദീഖ് ഹസൻ ഖാൻ മർഹൂം 'ഹുജജുൽ കിറാമ' എന്ന ഗ്രന്ഥത്തിൽ ആ അവസാന കാലം ഈ കാലഘട്ടമാണെന്ന് സമ്മതി ച്ചിട്ടുമുണ്ട്. ആകയാൽ അത്തരം മൗലവിമാരുടെ ഭക്തിയും സൂക്ഷ്മതയും തെളിവുകളില്ലാതെ സ്വീകരിക്കുന്നത് നബിതിരുമേനി(സ)യുടെ പ്രസ്താവനകളെ നിഷേധി ക്കുന്നതിന് തുല്യമാകും. അതിനാൽ നിങ്ങൾ ഒരു മാതൃക ഹാജരാക്കുക. അതിന് സാധിക്കുന്നില്ലെങ്കിൽ സത്യസന്ധത എന്നത് നിങ്ങളുടെ വെറും അവകാശവാദം മാത്രമാണെന്ന് തെളിയും. പരീക്ഷിക്കപ്പെടാത്ത ഒരു അവകാശവാദവും സ്വീകാര്യമല്ല. നിങ്ങൾ എപ്പോഴെങ്കിലും കളവിന്റെയും വ്യാജാരോപണത്തിന്റെയും അശുദ്ധി യിൽ അകപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നത് അല്ലാഹുവിനറിയാം. എനിക്ക് അത് അറി യില്ല, അല്ലാഹുവിനാണ് അദൃശ്യകാര്യങ്ങൾ അറിയുക. അല്ലെങ്കിൽ താങ്കളുടെ അവസ്ഥകൾ അറിയുന്നവർക്ക് അത് അറിയാമായിരിക്കും. പരീക്ഷണ സമയത്ത് സത്യവാനായി തെളിയിക്കപ്പെടുകയും സത്യം കൈ വിടാതിരിക്കുകയും ചെയ്യുന്നവന്റെ സത്യസന്ധതയിൽ മുദ്ര പതിപ്പിക്കപ്പെടുന്നു. ആ മുദ്ര താങ്കളുടെപക്കലുണ്ടെങ്കിൽ ഹാജരാക്കുക, അല്ലാത്ത പക്ഷം അല്ലാഹു തആലായെ ഭയപ്പെടുക, അവൻ താങ്കളുടെ രഹസ്യങ്ങൾ വെളിപ്പെടുത്താതിരിക്കട്ടെ.

*(ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനി ഖസാഇൻ ഭാഗം:5, പേജ്: 296-301)*

ഈ കേസിനെക്കുറിച്ച് പരാമർശിച്ചപ്പോൾ മിർസാ സുൽത്താൻ അഹ്മദ് സാഹിബ് വീട് പൊളിച്ചുനീക്കാൻ നൽകിയ പരാതിയുടെ വിശദാംശങ്ങളിൽ ഇപ്രകാരവും എഴുതിയിട്ടുണ്ട്, ജമ്മു ഭരണ കൂടത്തിൽ ഉദ്യോഗസ്ഥനായിരുന്ന ശങ്കർദാസ് എന്ന ഹിന്ദു, ഖാദിയാനിലെ മസ്ജിദ് അഖ്സയുടെ കിഴക്ക് വശത്തുള്ള ഒഴിഞ്ഞ ഭൂമി കൈക്കലാക്കി അവിടെ ഒരു വീട് പണിതു. പിൽക്കാലത്ത് സദർ അഞ്ചുമൻ അഹ്മദിയ്യ യുടെ ഓഫീസുകൾ അവിടെയാണ് സ്ഥാപിക്കപ്പെട്ടത്. മിർസാ സുൽത്താൻ അഹ്മദ് സാഹിബ് ഈ വീട് പൊളിച്ചുനീക്കണം എന്നാവശ്യപ്പെട്ട് കേസ് നൽകിയെങ്കിലും കേസ് തയ്യാറാക്കിയതിൽ ഒരു കാര്യം വസ്തുതാവിരുദ്ധമായിരുന്നു. അത് തെളിഞ്ഞാൽ കേസ് തള്ളപ്പെടുമായിരുന്നു. ഇത് മിർസാ സുൽത്താൻ അഹ്മദ് സാഹിബിന് മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)നും നഷ്ടമുണ്ടാക്കുമായിരുന്നു, കാരണം ആ ഭൂമിയുടെ ഉടമസ്ഥാവകാശം നഷ്ടപ്പെടുമായിരുന്നു. എതിർകക്ഷിയായ ശങ്കർ ദാസിന്റെ സ്വന്തം ഭൂമിയായിരുന്നില്ല അത്, എങ്കിലും കൈവശം വച്ചിരുന്നത് അദ്ദേഹമായിരുന്നു. അദ്ദേഹം ഉടമയായിരുന്നില്ലെങ്കിലും ഭൂമി കൈയേറിയിരുന്നു. നിയമപരമായ പഴുതുകൾ ഉപയോഗിച്ച് അവർ അത് മുതലെടുക്കാൻ ആഗ്രഹിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അവർ സാക്ഷിയായി വിളിപ്പിച്ചു, കാരണം തങ്ങളുടെ കടുത്ത ശത്രുവാണെങ്കിലും മിർസാ സാഹിബ് കള്ളം പറയില്ലെന്ന് അവർക്ക് അറിയാമായിരുന്നു. ഭൂമി എതിർകക്ഷിയുടെ കൈവശമാണെന്നും അത് കൈവശമായിട്ട് കുറേ കാലമായെന്നും അദ്ദേഹം കോടതിയിൽ പറയുമെന്ന് അവർ ഉറച്ചു വിശ്വസിച്ചു. **എതിർകക്ഷി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സാക്ഷിയായി വിളിച്ചിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കലും കള്ളം പറയില്ലെന്ന് സാഹിബ്സാദാ മിർസാ സുൽത്താൻ അഹ്മദ് സാഹിബിനും ഉറപ്പായിരുന്നു അതിനാൽ അദ്ദേഹം കേസ് പിൻവലിച്ചു.**

*(അവ: ഹയാത്തെ അഹ്മദ്(അ), ഭാഗം:2, ഒന്നാം ഖണ്ഡം, പേജ്: 102,103, വാള്യം:3, പേജ്: 91, അസ്ഹാബെ അഹ്മദ് ഭാഗം:6, പേജ്:42 അടിക്കുറിപ്പ്)*

ഏതായാലും വലിയ മാളിക പോലുള്ള ആ വീടിന്റെ ചരിത്രം ഇതാണ്, അത് അത്യന്തം മുൻവിധിയുള്ളവനും ശത്രുവുമായ ഡെപ്യൂട്ടി ശങ്കർദാസിന്റെ മാളിക എന്നാണ് അറിയപ്പെട്ടിരുന്നത്. ആ ഉയരമുള്ള വീട്ടിൽ നിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടുകളിലേക്ക് നോട്ട മെത്തുമായിരുന്നു, അതും കേസ് നൽകാൻ ഒരു കാരണമായിരുന്നു. അദ്ദേഹത്തിന്റെ ശത്രുത എത്രത്തോളമായിരുന്നുവെന്നാൽ, മസ്ജിദ് അഖ്സയിൽ നമസ്കാരത്തിന് പോകുന്നവരെ തന്റെ വീടിന് മുന്നിലിരുന്ന് അദ്ദേഹം ചീത്ത വിളിക്കുമായിരുന്നു. പലവിധത്തിൽ ഉപദ്രവിക്കുകയും വേദനപ്പിക്കു കയും ചെയ്യുമായിരുന്നു. അദ്ദേഹത്തി ന്റെ ഉപദ്രവങ്ങൾ സഹിക്കവയ്യാതെ വിശ്വാസികൾ തങ്ങളുടെ യജമാനനായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് പരാതി യുമായി ചെല്ലുമ്പോൾ അദ്ദേഹം അതീവ ഗാംഭീര്യത്തോടെ അവരെ ആശ്വസിപ്പിക്കുകയും ഇപ്രകാരം പ്രസ്താവിക്കുകയും ചെയ്യുമായിരുന്നു: **നിങ്ങൾ ക്ഷമിക്കുക, രാജകീയ ക്യാമ്പിന് മുന്നിൽ ആർക്കും നില നിൽക്കാൻ കഴിയില്ല. അയാൾ തന്റെ ഒരു താവളം ഒരുക്കിയിട്ടുണ്ട്, എന്നാൽ നമ്മുടെ ക്യാമ്പ് രാജകീയ ക്യാമ്പാണ്, അല്ലാഹുവിന്റെ ക്യാമ്പാണ്, അതിന് മുന്നിൽ ആർക്കും നിൽക്കക്കള്ളി ഉണ്ടാകില്ല.** പിന്നീട്

ലോകം കണ്ടതും കേട്ടതും ഡെപ്യൂട്ടി സാഹിബിന്റെ ആ ആഡംബരപൂർണ മായ വീട് തകരാൻ തുടങ്ങിയതാണ്. ഒടുവിൽ രോഗ ബാധിതനായോ മറ്റോ അദ്ദേഹം അവിടെ നിന്ന് പോവുകയും ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി ആ വീട് വിലയ്ക്ക് വാങ്ങുകയും ചെയ്തു. 1932-ൽ ആ കെട്ടിടത്തിൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യയുടെ ഓഫീസുകൾ സ്ഥാപിക്കപ്പെട്ടു. അതിന്റെ ഉദ്ഘാടനം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നിർവ്വഹിച്ചു. **ഇന്നലെ വലിയ അഹങ്കാരത്തോടെ തന്റെ വീടിന് മുന്നിലൂടെ പള്ളിയിലേക്ക് പോകുന്ന ഒരു വിശ്വാസിയെപ്പോലും കടന്നു പോകാൻ അനുവദിക്കാതിരുന്ന ആ വ്യക്തിയുടെ പേരുംചൂരും മായ്ച്ചുകളഞ്ഞുകൊണ്ട് ആ പ്രദേശം മുഴുവൻ പള്ളി യായി മാറ്റിയത് അല്ലാഹുവിന്റെ വിധിയാണ്. അത് മസ്ജിദ് അഖ്സയുടെ ഭാഗമായിരിക്കുന്നു.**

*(താരീഖെ അഹ്മദിയ്യത്ത്, ഭാഗം 2, പേജ് 215; ഭാഗം 5, പേജ് 298-299; ഹയാത്തെ അഹ്മദ്, ഭാഗം 5, രണ്ടാം ഖണ്ഡം, പേജ് 230; അൽഫദ്ൽ ഖാദിയാൻ, വാല്യം 19, ലക്കം 130, 1932 മെയ് 3, പേജ് 5, കോളം 1-2; മുജദ്ദിദെ അഅ്സം, ഭാഗം 1, പേജ് 38, അടിക്കുറിപ്പ്).*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നീതിനിഷ്ഠയിലും സത്യസന്ധതയിലും അധിഷ്ഠിതമായ ഈ സാക്ഷ്യത്തിന് അത്രമേൽ മഹത്തായ ബർക്കത്തുണ്ട്. അദ്ദേഹം സത്യത്തെ കൈവിട്ടില്ല, അതിനു പകരമായി കുടുംബ മഹിമയെയോ പദവിയെയോ കുറിച്ച് ആകുലപ്പെട്ടില്ല, ഭൂമിയും സ്വത്തും നഷ്ടപ്പെടുമെന്നതിനെക്കുറിച്ചും ചിന്തിച്ചി ല്ല. തന്റെ കൈകൾ കൊണ്ട് ഇതെല്ലാം സമർപ്പിക്കുകയായിരുന്നു അദ്ദേഹം. എന്നാൽ ദൈവം ആ സമർപ്പണത്തെ അപ്രകാരം സ്വീകരിക്കുകയും അതിന് മഹത്വവും ബർ ക്കത്തും നൽകുകയും ചെയ്തു. ഇന്ന് മിനാരത്തുൽ മസീഹിന്റെ തൊട്ടു താഴെ ഏകനായ അല്ലാഹുവിന്റെ ആരാധനാലയമായി ആ സ്ഥലം നിലകൊള്ളുന്നു.

ഈ കേസ് നടത്തിയിരുന്ന വക്കീലിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ആ കാലഘട്ടത്തിൽ മിക്ക കേസുകളിലും അദ്ദേഹത്തിന് വേണ്ടി ഗുർദാസ്പൂരിലെ ശൈഖ് അലി അഹ്മദ് സാഹിബ് വക്കീലാണ് ഹാജരായിരുന്നത്. മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധമായ ജീവിതം കണ്ട്, കേസുകൾക്ക് ശേഷവും അദ്ദേഹം അഹ്മദിയായിരുന്നില്ലെങ്കിൽ പോലും മസീഹ് മൗഊദ്(അ) നോട് അങ്ങേ യറ്റത്തെ ബഹുമാനം വച്ചുപുലർത്തിയിരുന്നു. അദ്ദേഹം മസീഹ് മൗഊദ്(അ) നോട് പറഞ്ഞു: 'മറ്റ് സാക്ഷികളൊന്നുമില്ല, ആ കത്ത് (നേരത്തെ പറഞ്ഞ തപാൽ കേസിനെ സംബന്ധിച്ചുള്ളതാണ്, അതിനെ ഒരു വിജ്ഞാപനത്തിന്റെ ഭാഗമായിത്തന്നെ കണക്കാക്കാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് തപാൽ കേസിന്റെ വിശദാംശങ്ങൾ വിവരിക്കുകയായിരുന്നു. അദ്ദേഹം പറയുന്നു:) വിജ്ഞാപനത്തിന്റെ ഭാഗമായി പറയാമെന്നതിനാൽ കള്ളം പറയാതെ തന്നെ താങ്കൾക്ക് പറയാം ഞാൻ വിജ്ഞാപനമാണ് അയച്ചത്, കത്തല്ല എന്ന്. എന്നാൽ മസീഹ് മൗഊദ്(അ) അങ്ങനെ ചെയ്യാൻ വിസമ്മതിക്കുകയും ഇപ്രകാരം പ്രസ്താവിക്കുകയും ചെയ്തു: 'അത് സാധ്യമല്ല. സത്യസന്ധതയുടെ സൂക്ഷ്മതയ്ക്ക് അത് വിരുദ്ധമാണ്. ഞാൻ കത്ത് അതിൽ വെച്ചിരുന്നു, അത് ലേഖനത്തിന്റെ ഭാഗമാണെങ്കിൽ പോലും അതൊരു കത്ത് കൂടിയായിരുന്നു. അതിനാൽ കത്ത് വച്ചിരുന്നു എന്ന് തന്നെ ഞാൻ പറയും. ഞാൻ ചെയ്ത ഒരു കാര്യത്തെ എനിക്ക് എങ്ങനെ നിഷേധിക്കാൻ കഴിയും?' അങ്ങനെ മസീഹ് മൗഊദ് (അ) ഹാജരാകുകയും ലേഖനത്തോടൊപ്പം കത്ത് വെച്ചിരുന്നോ എന്ന് കോടതി ചോദിച്ചപ്പോൾ 'അതെ' എന്ന് മറുപടി നൽകുകയും ചെയ്തു. ഈ നീതിനിഷ്ഠ മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുക മാത്രമല്ല, കോടതിയിൽ പോലും വലിയ സ്വാധീനമുണ്ടാക്കി. ഒരു സാങ്കേതിക കുറ്റത്തിന്റെ പേരിൽ ഇത്രയും സത്യസന്ധനായ ഒരാളെ ശിക്ഷിക്കാൻ കഴിയില്ലെന്ന് പറഞ്ഞ് കോടതി അദ്ദേഹത്തെ വിട്ടയച്ചു.

*(ഖുത്ബാത്തെ മഹ്മൂദ് ഭാഗം: 17, പേജ്: 543)*

ഈ തപാൽ കേസിലെ വക്കീലിനെക്കുറിച്ച് ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു: ശൈഖ് അലി അഹ്മദ് സാഹിബ് വക്കീൽ എന്നോട് നേരിട്ട് പറഞ്ഞതാണിത്. ഇത് വക്കീലിന്റെ സ്വന്തം പ്രസ്താവനയാണ്, അദ്ദേഹം ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനിയോട് ആ കേസിന്റെ സംഭവങ്ങൾ വിവരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: ഈ കേസ് അവസാനമായി ദീനാ നഗരിൽ വച്ചാണ് പരിഗണിച്ചത്. മിർസാ സാഹിബ് ആ കത്ത് അതിൽ വച്ചിട്ടില്ലെന്ന് നിഷേധിക്കണമെന്ന് ഞാൻ ആവുന്നത്ര ആഗ്രഹിച്ചു. ആ കത്ത് ആ പാക്കറ്റിൽ നിന്ന് തന്നെയാണ് ലഭിച്ചതെന്ന് തെളിയിക്കാൻ എന്റെ അറിവിൽ മറ്റ് മാർഗങ്ങ ളൊന്നുമില്ലായിരുന്നു, അതിനെക്കുറിച്ച് സാക്ഷ്യങ്ങളുമില്ല. മതപരമായ ഭിന്നതയുള്ളതിനാൽ ലാലാ റളിയാറാമിന്റെ സാക്ഷിമൊഴി സ്വീകാര്യവുമല്ല. ഞാൻ എത്രത്തോളം നിർബന്ധിച്ചോ അത്രത്തോളം മിർസാ സാഹിബ് അത് നിഷേധിക്കാൻ തയ്യാറായില്ല. ഇതിന്റെ ഫലം നല്ലതായിരിക്കില്ലെന്നും ഒരു മാന്യമായ കുടുംബത്തിന് ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടു എന്ന കളങ്കമുണ്ടാകുമെന്നും ഞാൻ അദ്ദേഹത്തോട് ആവർത്തിച്ചു പറഞ്ഞു. എല്ലാം നിങ്ങൾക്ക് എതിരാണെന്ന് ഞാൻ പറഞ്ഞു. എന്നാൽ അദ്ദേഹം, അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ വാക്ക് കേട്ടില്ല. മിർസാ സാഹിബ് എന്റെ വാക്ക് കേട്ടില്ലെന്ന് വക്കീൽ സാഹിബ് പറയുന്നു. എന്റെ വാദത്തിൽ കേസ് പരാജയപ്പെട്ടാൽ കുടുംബത്തിന്റെ ഭാഗത്തുനിന്ന് വലിയ അപമാനം ഉണ്ടാകുമെന്ന് ഞാൻ കരുതി. അതിനാൽ നിഷേധിക്കില്ല എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർബന്ധത്തെ മുതലെടുത്ത് കൊണ്ട് ഞാൻ ഇപ്രകാരം പറഞ്ഞു: 'താങ്കൾ എന്റെ വാക്ക് കേൾക്കുന്നില്ലെങ്കിൽ പിന്നെ ഞാൻ ഈ കേസ് നടത്തുന്നില്ല, എനിക്ക് താങ്കളുടെ വക്കീലാകാൻ കഴിയില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ശിക്ഷ ലഭിക്കുമെന്നും വക്കീലിന്റെ ഉപദേശം കേൾക്കാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന പഴി അദ്ദേഹത്തിന് മേൽ വരുമെന്നും വക്കീൽ കരു തി. ശിക്ഷ ലഭിക്കുമെന്ന് വക്കീൽ സാഹിബിന് ഉറപ്പായിരുന്നു. ശിക്ഷ ലഭിച്ചാൽ ശരിയായി കേസ് അവതരിപ്പിക്കാൻ കഴിയാത്ത വക്കീൽ എന്ന് ആളുകൾ പറയുമെന്ന് അദ്ദേഹം ഭയപ്പെട്ടു. അപമാനം ഭയന്ന് താൻ ദേഷ്യം പ്രകടിപ്പിച്ചു കൊണ്ട് ഹാജരായില്ലെന്നും തന്റെ അസാന്നിധ്യത്തിൽ കേസ് പരിഗണിക്കപ്പെട്ടുവെന്നും അദ്ദേഹം പറയുന്നു. ശരി, ഞാൻ ഹാജരാകുന്നില്ല എന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ **കേസ് തള്ളിപ്പോയപ്പോൾ തന്റെ അത്ഭുതത്തിന് അതിരില്ലായിരുന്നുവെന്ന് വക്കീൽ സാഹിബ് തന്നെ പറയുന്നു. അദ്ദേഹം പറയുന്നു: എനിക്ക് സങ്കടം തോന്നി, വെറുതെ ലഭിക്കുമായിരുന്ന ആ വിജയത്തിന്റെ അവകാശം എനിക്ക് നഷ്ടപ്പെട്ടല്ലോ എന്ന് ഞാൻ ഖേദിച്ചു, എന്നാൽ അപ്പോഴേക്കും സമയം വൈകിപ്പോയിരുന്നു.**

ശൈഖ് അലി അഹ്മദ് സാഹിബ് ഈ സംഭവം വിവരിക്കുമ്പോൾ മസീഹ് മൗഊദ് (അ)ന്റെ നിശ്ചയദാർഢ്യത്തെയും സത്യസന്ധതയെയും വാനോളം പുകഴ്ത്തുമായിരുന്നു. ആ കുടുംബവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം മരണം വരെ തുടർന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സാധാരണയായി എല്ലാ കേസുകളിലും അദ്ദേഹത്തോട് നിർദേശങ്ങൾ തേടാൻ ഇഷ്ടപ്പെടുകയും അദ്ദേഹത്തെ ബഹുമാനിക്കുകയും ചെയ്തിരുന്നു.

*(ഹയാത്തെ അഹ്മദ്, ഭാഗം 1, മൂന്നാം ഖണ്ഡം, പേജ് 363,364)*

വിവിധ കേസുകളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് ശൈഖ് നൂർ അഹ്മദ് സാഹിബ് പ്രസ്താവിക്കുന്നു: എന്റെ പിതാവും മൂത്താപ്പയും ഇപ്രകാരം പറയാറുണ്ടായിരുന്നു, ഞങ്ങളുടെ ഗ്രാമം മിർസാ സാഹിബിന്റെ താലൂക്കിൽ (അധികാര പരിധിയിൽ) ഉൾപ്പെട്ടതായിരുന്നു. കുറച്ചുകാലം ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പിതാവിന്റെ പ്രതിനിധിയായി പ്രവർത്തിച്ചിരുന്നു. പലതവണ കേസിന്റെ ആവശ്യങ്ങൾക്കായി കോടതിയിൽ ഞങ്ങളോടൊപ്പം വന്നിട്ടുമുണ്ട്. കേസിന് എന്ത് നഷ്ടം സംഭവിച്ചാലും ശരി, അദ്ദേഹം എപ്പോഴും സത്യത്തിന്റെ വശമേ സ്വീകരിക്കു മായിരുന്നുള്ളൂ. ഒരു കാരണവശാലും അദ്ദേഹം സത്യത്തെ കൈ വിടുമായിരുന്നില്ല. കളവിനെ അടുത്തുപോലും വരാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല.

*(സീറത്ത് അഹ്മദ്, ഗ്രന്ഥകർത്താ: ഖുദ്റത്തുല്ലാഹ് സനൗരി സാഹിബ്(റ), പേജ് :63)*

ശേഷം പേജ് 10 ൽ

പേജ് 3 ൽ നിന്ന്

ഇത് ആളുകളെ വലിയ ആശങ്കയിലാക്കുന്നു. പ്രത്യേകിച്ച് ഗസ്സ, ലെബനാൻ, സുഡാൻ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ പ്രദേശങ്ങളിലെ സ്ഥിതി വളരെ മോശമാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി നടത്തിയ പരിശ്രമങ്ങൾക്കൊന്നും യുദ്ധങ്ങൾക്ക് ഒരു പരിഹാരം കാണാനായില്ലെന്ന് മാത്രമല്ല, അത് നാശത്തിനും വിനാശത്തിനുമേ വഴിവെച്ചിട്ടുള്ളൂ.'

'ലോകനേതാക്കൾ തങ്ങളുടെ അഹംഭാവം വെടിഞ്ഞ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) നൽകുന്ന നിർദ്ദേശങ്ങളും സമാധാനത്തിന്റെയും മാനവികതയുടെയും സന്ദേശവും ഗൗരവമായി പരിഗണിച്ചാൽ ലോകത്ത് മികച്ച സമാധാനം കെട്ടിപ്പടുക്കാൻ സാധിക്കും. ചില ആഗോള നേതാക്കൾ യുദ്ധങ്ങൾക്കായി സാമ്പത്തികമോ രാഷ്ട്രീയമോ ആയ പിന്തുണയെക്കുറിച്ച് മാത്രമാണ് സംസാരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ വേണ്ടത് യുദ്ധങ്ങൾ അവസാനിപ്പിച്ച് ശാശ്വത സമാധാനത്തിലേക്ക് പ്രായോഗികമായ ചുവടുവെപ്പുകൾ നടത്തുകയാണ്.'

പീസ് സിമ്പോസിയത്തിന്റെ പ്രചാരണത്തെക്കുറിച്ച് അമീർ സാഹിബ് പറഞ്ഞു: 'ഇത് സോഷ്യൽ മീഡിയയുടെ കാലമാണ്. സോഷ്യൽ മീഡിയയിലൂടെ കോടിക്കണക്കിന് ആളുകളിലേക്ക് സന്ദേശം എത്തിക്കാൻ സാധിക്കുന്നു.'

യുകെ പീസ് സിമ്പോസിയത്തിൽ ഖിലാഫത്തിന്റെ സാന്നിധ്യത്തിന്റെ പ്രത്യേകതയെക്കുറിച്ച് അദ്ദേഹം പറഞ്ഞു: ഇതുകൊണ്ടാണ് ഈ പരിപാടിക്ക് ഇത്രയധികം പ്രാധാന്യമുള്ളത്. പല രാജ്യങ്ങളിൽ നിന്നും അതിഥികൾ വന്നിട്ടുണ്ട്, മന്ത്രിമാരും പങ്കെടുക്കുന്നുണ്ട്. ഇവർ എല്ലാവരും ഒരു നല്ല സന്ദേശവുമായിട്ടാണ് തിരിച്ചുപോകുന്നത്.' വലിയ രാജ്യങ്ങൾ മാതൃക കാണിക്കുന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു: 'വലിയ രാജ്യങ്ങൾ നേതൃത്വം നൽകുകയും സമാധാനത്തിലേക്ക് നീങ്ങുകയും ചെയ്യാതിരിക്കുന്നിടത്തോളം കാലം, ചെറിയ രാജ്യങ്ങളും അവരെ പിന്തുടരുകയേയുള്ളൂ.'

**ഫരീദ് അഹ്മദ് സാഹിബ്** (സെക്രട്ടറി ഉമൂർ ഖാരിജ:, ജമാഅത്ത് അഹ്മദിയ്യ യുകെ):

ഈ പരിപാടി എണ്ണത്തിൽ മാത്രമല്ല, അതിന്റെ സന്ദേശത്തിലും സ്വാധീനത്തിലും വലിയ വളർച്ച കൈവരിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ നിന്ന് ആളുകൾ ഇവിടെ പങ്കെ ടുക്കുകയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നൽകുന്ന സമാധാനത്തിന്റെയും മാനവികതയുടെയും സഹാനുഭൂതിയുടെയും സന്ദേശങ്ങളിൽ നിന്ന് മാർഗ്ഗനിർദ്ദേശം സ്വീകരിക്കുകയും ചെയ്യുന്നു.'

അദ്ദേഹം തുടർന്നു: 'എം.ടി.എ (MTA)യിലൂടെ ഈ സന്ദേശം ലോകമെമ്പാടും എത്തുന്നുണ്ട്, ആഗോളതലത്തിൽ സമാധാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശക്തമായ ഒരു മാധ്യമമായി ഈ പരിപാടി മാറിക്കൊണ്ടിരിക്കുകയാണ്.' ഇന്നത്തെ കാലഘട്ടത്തിൽ സംഘർഷങ്ങൾ കൂടുതൽ പ്രകടമായി വരുന്നുണ്ടെന്നും, അതിനാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഇപ്പോൾ സമാധാനത്തിനും മാനവികതയ്ക്കും വേണ്ടി കൂടുതൽ വ്യക്തവും നേരിട്ടുള്ളതുമായ രീതിയിൽ ശബ്ദമുയർത്തുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**ക്ലിയർ ഡെസ്മണ്ട് (ക്രിസ്ത്യൻ സോളിഡാരിറ്റി വേൾഡ്‌വൈഡ്):**

'വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകളെ ഒരൊറ്റ ലക്ഷ്യത്തിനായി ഒന്നിപ്പിക്കാൻ ഈ പരിപാടി ഒരു മികച്ച വേദിയായി. വിവിധ ആശയങ്ങൾ കേൾക്കാനും, പ്രത്യേകിച്ച് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തിൽ നിന്ന് മാർഗ്ഗനിർദ്ദേശം സ്വീകരിക്കാനും എനിക്ക് അവസരം ലഭിച്ചു. സമാധാനത്തിന് വേണ്ടി ആഗോള നേതാക്കളെ മാത്രം ആശ്രയിച്ചാൽ പോരാ, മറിച്ച് ഓരോ വ്യക്തിയും സ്വന്തം സമൂഹത്തിൽ തങ്ങളുടേതായ പങ്ക് വഹിക്കണം എന്നതാണ് ഇതിൽ നിന്ന് ലഭിച്ച പ്രധാന പാഠം. ഇന്നത്തെ പ്രയാസകരമായ സാഹചര്യത്തിൽ ഇത്തരം സമ്മേളനങ്ങൾ പ്രതീക്ഷയും ധൈര്യവും ഐക്യവും നൽകുന്നു.

**ലിൻഡ സ്റ്റീഫൻസ്** (Women's Wellbeing):

'വാൺ ജെയിംസ് ഫാർമസിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മിസിസ് ബുഷ്റ വഴിയാണ് ഞാൻ ഇവിടെ എത്തിയത്. മുമ്പും ഞാൻ ഇവിടെ വന്നിട്ടുണ്ട്, എന്നാൽ ഇത്തവണത്തെ അനുഭവം വളരെ സവിശേഷമായിരുന്നു. ഖലീഫത്തുൽ മസീഹിന്റെ പ്രസംഗവും ആ അന്തരീക്ഷത്തിലെ സമാധാനവും സ്നേഹവും പരസ്പര ബഹുമാനവും ഞാൻ ആഴത്തിൽ അനുഭവിച്ചു. ലോകം ഒരു ആഗോള യുദ്ധത്തിന്റെ വക്കിലാണെന്നിരിക്കെ, മാനവികതയുടെയും ഐക്യത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം അത്യന്താപേക്ഷിതമാണ്. ജമാഅത്ത് അഹ്മദിയ്യയിൽ സ്നേഹം, കുടുംബമൂല്യങ്ങൾ, മതങ്ങൾ തമ്മിലുള്ള ബഹുമാനം, ആഗോള സാഹോദര്യം എന്നിവ പ്രായോഗികമായി കാണാൻ സാധിക്കുന്നു. ഈ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഞാൻ ഭാഗ്യവതിയായി കരുതുന്നു.'

**കാതറിൻ ക്ലാർക്ക്** Catherine Clark
(കൗൺസിലർ വൈറ്റ് ഹിൽ ആൻഡ് ബോർഡർ

& **അലക്സ് പേജ്** Alex Page
(സോഷ്യൽ & പബ്ലിക് ക്യാമ്പെയ്നർ):

'ഇസ്ലാമാബാദിൽ നടക്കുന്ന ഇത്തരം പരിപാടികൾ പ്രാദേശികവും അന്തർദേശീയവുമായ സമൂഹങ്ങളെ അടുപ്പിക്കാനും സ്നേഹവും പരസ്പര ബഹുമാനവും വളർത്താനും സഹായിക്കുന്നു. വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകൾ ഒത്തുചേരുമ്പോൾ തെറ്റിദ്ധാരണകൾ മാറുകയും പരസ്പര ശക്തിയും ദൗർബല്യങ്ങളും മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യുന്നു. ആഗോള സമാധാനത്തിന് സംഭാഷണങ്ങൾ അനിവാര്യമാണ്. ഖലീഫത്തുൽ മസീഹിന്റെ പ്രസംഗം ഈ പരിപാടിയുടെ ഏറ്റവും ആകർഷകമായ ഭാഗമായിരുന്നു. അദ്ദേഹത്തെ നേരിൽ കാണാൻ സാധിച്ചത് ഒരു അവിസ്മരണീയ അനുഭവമാണെന്ന് കൗൺസിലർ കാതറിൻ ക്ലാർക്ക് പറഞ്ഞു.

**ജിൽ ബാർസ്റ്റോ** (ഇന്റർഫെയ്ത്ത് മിൽട്ടൺ കെയ്ൻസ്, ചർച്ച് ഓഫ് ജീസസ് ക്രൈസ്റ്റ് ഓഫ് ലാറ്റർ ഡേ സെയിന്റ്സ്):

ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം അത്യന്തം പ്രചോദനകരമായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സാഹചര്യങ്ങളെക്കുറിച്ച് അദ്ദേഹത്തിന് ആഴത്തിലുള്ള അറിവുണ്ടെന്നും അവിടുത്തെ വീക്ഷണം വളരെ വിപുലമാണെന്നും വ്യക്തമാണ്. യുദ്ധങ്ങൾ, സംഘർഷങ്ങൾ, സമാധാനത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് ഒരു മതനേതാവിന്റെ നാവിലൂടെ ഇത്രയും ധീരമായും അനുകമ്പയോടും കൂടി കേൾക്കുന്നത് വളരെ സന്തോഷകരമാണ്. ഇതൊരു ആത്മീയമായ പരിപാടിയായിരുന്നു.

**സാറ ഡേ** (മേയറസ് ഓഫ് ന്യൂപോർട്ട് പാഗ്നെൽ):

ഖലീഫത്തുൽ മസീഹിന്റെ പ്രസംഗം കേൾക്കുമ്പോൾ ഞാൻ തുടർച്ചയായി തലയാട്ടുകയായിരുന്നു, കാരണം ഓരോ വാക്കിനോടും എനിക്ക് അത്രമാത്രം യോജിപ്പുണ്ട്. ഏതാനും വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം നടത്തിയ പ്രസംഗം എനിക്ക് ഓർമ്മയുണ്ട്. വർഷങ്ങളായി അദ്ദേഹം ഈ കാര്യങ്ങൾ പറയുന്നുമുണ്ട്. 'ഞാൻ മുന്നറിയിപ്പ് നൽകിയിരുന്നു' എന്ന് പറയാതെ തന്നെ, അദ്ദേഹം നൽകിയ മുന്നറിയിപ്പുകൾ സത്യമാണെന്ന് ഇന്ന് ലോകം കാണുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഇപ്പോൾ നമ്മുടെ കൺമുന്നിൽ നടന്നുകൊണ്ടിരിക്കുന്നു. അത് ഓർക്കുമ്പോൾ ഭയം തോന്നുന്നുണ്ടെങ്കിലും, അദ്ദേഹത്തിന്റെ പ്രസംഗം വളരെ ശക്തവും സ്വാധീനമുള്ളതുമായിരുന്നു.'

*(കടപ്പാട്: അൽഫള്ൽ ഇന്റർനാഷണൽ, 2026 മെയ് 23)*

**സമാപനം:**

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ നേതൃത്വത്തിൽ ജമാഅ

ത്ത് അഹ്മദിയ്യ യുകെ നടത്തിയ ഈ വിജയകരമായ പീസ് സിമ്പോസിയത്തിൽ 'ബദർ'പത്രം അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ (അ) സമാധാനപരമായ ആഹ്വാനങ്ങൾ കേൾക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും ലോകത്തിന് അല്ലാഹു തൗഫീഖ് നൽകട്ടെ എന്നും ലോകം സമാധാനത്തിന്റെ കേന്ദ്രമായി മാറട്ടെ എന്നും പ്രാർത്ഥിക്കുന്നു. ആമീൻ.

### മജ്ലിസ് അൻസാറുല്ലാഹ് ഭാരത്

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്ലിസ് അൻസാറുല്ലാഹ് ഭാരത്)*

### ലജ്ന ഇമാഇല്ലാഹ് ഭാരത്

## ദേശീയ ഇജ്തിമാഅ്

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് **2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)** തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരിമാർ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക. അല്ലാഹു പരമാവധി ലജ്ന, നാസിറാത്ത് അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(സദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത്)

**ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...**
**ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...**

**The Weekly BADR Qadian (Malayalam)**
**www.akhbarbadr.in**

### • ഹദീഥുന്നബവി ﷺ •

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

### • ഹദീഥുന്നബവി ﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

പേജ് 8 ൽ നിന്ന്

ഹദ്റത്ത് മിയാൻ അല്ലാഹ് യാർ സാഹിബ് പ്രസ്താവിക്കുന്നു: ഒരിക്കൽ ഹദ്റത്ത് അഖ്ദസിന് ഏകദേശം ഇരുപത്തഞ്ചോ മുപ്പതോ വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ പിതാവും കുടിയാന്മാരും തമ്മിൽ മരം വെട്ടുന്നതുമായി ബന്ധപ്പെട്ട് ഒരു തർക്ക മുണ്ടായി. ഭൂമിയുടെ ഉടമസ്ഥൻ എന്ന നിലയിൽ മരങ്ങളും ഞങ്ങളുടെ ഉടമസ്ഥതയിലാണെന്നതായിരുന്നു അദ്ദേഹത്തിന്റെ വന്ദ്യപിതാവിന്റെ നിലപാട്. അതിനാൽ അദ്ദേഹം കുടിയാന്മാർക്കെതിരെ കേസ് നൽകുകയും ഹുസൂർ(അ)നെ കേസ് നട ത്തുന്നതിനായി ഗുർദാസ്പൂരിലേക്ക് അയക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം രണ്ട് സാക്ഷികളും ഉണ്ടായിരുന്നു. ഹദ്റത്ത് അഖ്ദസ്(അ) പുഴ കടന്ന് പത്നവാല ഗ്രാമത്തിലെത്തിയപ്പോൾ അല്പം വിശ്രമിക്കാനായി അവിടെ ഇരുന്നു. കൂടെയുള്ള വരെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: 'പിതാവ് വെറുതെ നിർബന്ധം പിടിക്കുകയാണ്. മരങ്ങളും കൃഷി പോലെ തന്നെയല്ലേ. അവർ പാവപ്പെട്ടവരാണ്, അവർ അത് വെട്ടിയാൽ എന്താണ് കുഴപ്പം. ഏതാ യാലും കോടതിയിൽ ഇത് പൂർണ്ണമായും ഞങ്ങളുടേതാണെന്ന് എനിക്ക് പറയാൻ കഴിയില്ല, വേണമെങ്കിൽ അതിൽ നമുക്ക് പങ്കുണ്ടെന്ന് പറയാം.' കുടിയാന്മാർക്കും മസീഹ് മൗഊദ്(അ)ൽ വലിയ വിശ്വാസമായിരുന്നു. അതിനാൽ മജിസ്ട്രേറ്റ് കുടിയാന്മാരോട് യഥാർത്ഥ കാര്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ, വർഷങ്ങളായി അവിടെ പണിയെടുക്കുന്ന ആ കൃഷിക്കാർ യാതൊരു മടിയുമില്ലാതെ മറുപടി നൽകി: 'മിർസാ സാഹിബിനോട് തന്നെ ചോദിച്ചാലും.' അതായത് ഭൂമി പാട്ടത്തിനെ ടുത്ത് കൃഷി ചെയ്യുന്നവർ പറഞ്ഞു, ഞങ്ങളുടെ സാക്ഷിമൊഴി എന്തിനാണ് എടുക്കു ന്നത്, അദ്ദേഹം കള്ളം പറയില്ലെന്ന് ഞങ്ങൾക്ക് ഉറപ്പാണ്, അതിനാൽ അദ്ദേഹത്തോടുതന്നെ ചോദിക്കൂ എന്ന്. അങ്ങനെ മജിസ്ട്രേറ്റ് അദ്ദേഹത്തോട് ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസ്താവിച്ചു: 'എന്റെ അഭിപ്രായത്തിൽ മരങ്ങൾ കൃഷി പോലെയാണ്. കൃഷിയിൽ ഞങ്ങൾക്ക് പങ്കുള്ളതു പോലെ തന്നെ മരങ്ങളിലും പങ്കുണ്ട്.' അദ്ദേഹത്തിന്റെ ഈ മൊഴിയുടെ അടിസ്ഥാന ത്തിൽ മജിസ്ട്രേറ്റ് കുടിയാന്മാർക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ചു. ഇതിനു ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാനിലേക്ക് മടങ്ങിയെത്തിയപ്പോൾ ഹദ്റത്ത് മിർസാ ഗുലാം മുർതദാ സാഹിബ് കൂടെപ്പോയവരിൽ ഒരാളോട് വിധി എന്തായെന്ന് ചോദിച്ചു, അദ്ദേഹം പറഞ്ഞു: 'ഞാൻ പുറത്തായിരുന്നു, മിർസാ സാഹിബ് ഉള്ളിലായിരുന്നു പോയത്, അദ്ദേഹത്തോട് ചോദിച്ചാൽ അറിയാം. തുടർന്ന് അദ്ദേഹത്തെ വിളിച്ചു വരുത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ) നടന്ന കാര്യങ്ങളെല്ലാം ഒട്ടും കുറയ്ക്കാതെ പ്രസ്താവിച്ചു. ഇത് കേട്ടപ്പോൾ പിതാവ് അത്യധികം ക്ഷുഭിതനായി. അദ്ദേഹം മസീഹ് മൗഊദ്(അ)നോട് വലിയ ദേഷ്യം പ്രകടിപ്പിച്ചു.

*(താരീഖെ അഹ്മദിയ്യത്ത്, ഭാഗം 1, പേജ് 72,73,78)*

**ഏതായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസന്ധതയെക്കുറിച്ചുള്ള ചില സംഭവങ്ങളാണ് ഞാൻ വിവരിച്ചത്. തെറ്റായ ചിന്താഗതിയുള്ള ഒരു മൗലവി അദ്ദേഹ ത്തിനു മേൽ ഉന്നയിച്ച ആരോപണങ്ങൾക്കുള്ള വിശദമായ മറുപടിയും ഒരു സംഭവ മായി ഇവിടെ വിവരിക്കപ്പെട്ടു. അദ്ദേഹം എപ്പോഴും സത്യത്തെ മുൻ നിർത്തുകയും കളവിനെ അടുത്തുപോലും അടുപ്പിക്കാതിരിക്കുകയും ചെയ്തു. സത്യത്തിൽ ഉറച്ചു നിൽക്കാൻ അദ്ദേഹം എപ്പോഴും തന്റെ അനുയായികളെ ഉപദേശിച്ചിട്ടുമുണ്ട്. സത്യ സന്ധത പാലിക്കുമെന്നും കളവിനെ വെറുക്കുമെന്നും ബൈഅത്തിന്റെ നിബന്ധന കളിലും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.**

ആകയാൽ സത്യസന്ധത എന്ന ഈ ഗുണത്തെ നമ്മുടെ സവിശേഷ അടയാളമായി മാറ്റുക എന്നത് നമ്മുടെ കടമയാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകട്ടെ.

(വിവ: അംനാസ്. പി.കെ)

EVERYTHING IN ONE PLACE
THE REVIEW OF RELIGIONS

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

## സീറത്തുൽ മഹ്ദി(അ)

വിവ: എ.നാസിർ

### ഹദ്റത്ത് അമ്മാജാൻ(റ)ന്റെ ബയ്അത്ത്

ഹദ്റത്ത് അമ്മാജാൻ (റ) എന്നോട് വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ആദ്യത്തെ ബൈഅത്ത് സ്വീകരിച്ചത് ലുധിയാനയിൽ വെച്ചായിരുന്നു. ആദ്യദിവസം നാൽപ്പത് പേർ ബൈഅത്ത് ചെയ്തു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വീട്ടിൽ തിരിച്ചെത്തിയപ്പോൾ ചില സ്ത്രീകൾ ബൈഅത്ത് ചെയ്തു. ഏറ്റവും ആദ്യം ബൈഅത്ത് ചെയ്തത് മൗലവി സാഹിബാണ് (ഹദ്റത്ത് മൗലവി നൂറുദ്ദീൻ(റ)).

ഞാൻ ചോദിച്ചു, താങ്കൾ എപ്പോഴാണ് ബൈഅത്ത് ചെയ്തത്? അമ്മാജാൻ(റ) പറഞ്ഞു: ഞാൻ ബൈഅത്ത് ചെയ്യാൻ വൈകി എന്നും കുറേ വർഷങ്ങൾക്ക് ശേഷമാണ് ബൈഅത്ത് ചെയ്തതെന്നും ജനങ്ങൾക്കിടയിൽ ഒരു സംസാരമുണ്ട്. അത് തെറ്റാണ്. ഞാൻ ഒരിക്കലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിട്ട് പിരിഞ്ഞിട്ടില്ല, എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)ടൊപ്പം തന്നെയായിരുന്നു. തുടക്കം മുതൽക്കേ ഞാൻ എന്നെ ബൈഅത്തിലായിട്ടാണ് കരുതിയത്, അതിനാൽ എനിക്കുവേണ്ടി പ്രത്യേകം ഒരു ബൈഅത്തിന്റെ ആവശ്യമുള്ളതായി ഞാൻ കണ്ടില്ല.

ഞാൻ പറയുന്നു, പ്രാരംഭകാലത്തെ ബൈഅത്ത് സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് മസീഹും മഹ്ദിയുമാണെന്ന വാദം ഉണ്ടായിരുന്നില്ല, മറിച്ച് ഒരു സാധാരണ മുജദ്ദിദിന്റെ രീതിയിലായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) ബൈഅത്ത് സ്വീകരിച്ചിരുന്നത്. ഹദ്റത്ത് മൗലവി സാഹിബിനെക്കൂടാതെ ആദ്യദിവസം മറ്റാരൊക്കെയാണ് ബൈഅത്ത് ചെയ്തതെന്ന് ഞാൻ അമ്മാജാൻ സാഹിബയോട് ചോദിച്ചു. മിയാൻ അബ്ദുല്ലാഹ് സാഹിബ് സനൗരിയുടെയും ശൈഖ് ഹാമിദ് അലി സാഹിബിന്റെയും പേരുകളാണ് അവർ പറഞ്ഞത്.

### മസീഹ് വാദം

ഹദ്റത്ത് അമ്മാജാൻ (റ) എന്നോട് വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ), മസീഹ് വാദം പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം ഖാദിയാനിലായിരുന്നു. അതുമായി ബന്ധപ്പെട്ട പ്രാരംഭ ലഘുലേഖകൾ അദ്ദേഹം എഴുതിയത് ഇവിടെവെച്ചാണ്. പിന്നീട് അദ്ദേഹം ലുധിയാനയിലേക്ക് പോകുകയും അവിടെനിന്ന് മസീഹ് വാദം പ്രസിദ്ധീകരിക്കുകയും ചെയ്തു. അമ്മാജാൻ പറയുന്നു, മസീഹ് വാദം പ്രസിദ്ധീകരിക്കുന്നതിന് മുൻപ് അദ്ദേഹം എന്നോട് പറഞ്ഞിരുന്നു: 'രാജ്യത്ത് വലിയ തോതിൽ എതിർപ്പിന് കാരണമാകുന്ന ഒരു കാര്യം ഞാൻ പ്രഖ്യാപിക്കാൻ പോകുകയാണ്.' അമ്മാജാൻ പറഞ്ഞു, ഈ പ്രഖ്യാപനത്തോടെ ആദ്യകാലത്ത് ബൈഅത്ത് ചെയ്ത ചിലർക്കെങ്കിലും കാലിടറിപ്പോയി.

വഹ്‌യ് ലഭിക്കുന്ന സന്ദർഭം

ഹദ്റത്ത് അമ്മാജാൻ(റ) എന്നോട് വിവരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽകോട്ടിലെ മീർ ഹാമിദ് ശാഹ് സാഹിബിന്റെ വീട്ടിൽ താമസിക്കുമ്പോൾ ഉറങ്ങിക്കിടക്കവേ അവിടുത്തെ അധരങ്ങളിൽ നിന്ന് ഒരു വാചകം പുറപ്പെടുന്നത് ഞാൻ കേൾക്കുകയുണ്ടായി. അതൊരു വഹ്‌യ് ആണെന്ന് ഞാൻ മനസ്സിലാക്കി; ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉണർന്നപ്പോൾ ഞാൻ ചോദിച്ചു, അങ്ങേക്ക് വഹ്‌യ് ലഭിച്ചതാണോ? അതെ, നിങ്ങൾക്കെങ്ങനെ അറിഞ്ഞു എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരിച്ചു ചോദിച്ചു. തനിക്ക് ശബ്ദം കേൾക്കാമായിരുന്നുവെന്ന് ഞാൻ മറുപടി നൽകി.

വഹ്‌യ് ലഭിക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസ്ഥയെക്കുറിച്ച് ഞാൻ അന്വേഷിച്ചപ്പോൾ, മുഖം ചുവക്കുകയും നെറ്റിയിൽ വിയർപ്പ് പൊടിയുകയും ചെയ്യുമായിരുന്നുവെന്ന് അമ്മാജാൻ (റ) പറഞ്ഞു.

ഞാൻ (മിർസാ ബശീർ അഹ്മദ്) ഓർക്കുന്നു, ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വീടിന്റെ ചെറിയ മുറ്റത്ത് (അതായത് അമ്മാജാൻ സാഹിബയുടെ ഇപ്പോഴത്തെ മുറ്റം) ഒരു തടിക്കട്ടിലിൽ ഇരിക്കുമ്പോൾ, ഒരു പക്ഷേ രാവിലെയോ വൈകുന്നേരമോ ആണെന്നു തോന്നുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്പം മയക്കത്തിലാകുകയും കിടക്കുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധരങ്ങളിൽ നിന്ന് കേട്ട ശബ്ദം ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉണർന്നപ്പോൾ അതൊരു വഹ്‌യ് ആണെന്ന് പറയുകയുണ്ടായി. എങ്കിലും ആ വഹ്‌യ് ഏതാണെന്ന് എനിക്ക് ഓർമ്മയില്ല.

വഹ്‌യ് ലഭിച്ചുകഴിഞ്ഞാൽ ഉടൻ തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) മയക്കത്തിൽ നിന്ന് ഉണരുകയും അത് എഴുതിയെടുക്കുകയും ചെയ്യുമായിരുന്നുവെന്ന് അമ്മാജാൻ(റ) പറഞ്ഞു. തുടക്കത്തിൽ ഏതെങ്കിലും സാധാരണ പുസ്തകങ്ങളിലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് കുറിച്ചിരുന്നത്, പിന്നീട് വലിയൊരു ബുക്കും അതിനുശേഷം ചെറുതും കട്ടിയുള്ളതുമായ ഒരു നോട്ട്ബുക്കും ഇതിനായി തയ്യാറാക്കിയിരുന്നു. ആ നോട്ട്ബുക്ക് എവിടെയെന്ന് ചോദിച്ചപ്പോൾ, അത് നിന്റെ സഹോദരന്റെ (സഹോദരൻ എന്ന് ഉദ്ദേശിച്ചത് ഹദ്റത്ത് മിർസ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്, ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) ആണ്) പക്കലാണെന്ന് അമ്മാജാൻ(റ) മറുപടി നൽകി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വഹ്‌യ് ലഭിക്കുന്നത് താൻ നേരിട്ടു കണ്ടിട്ടുണ്ടെന്ന് എന്റെ മാതൃസഹോദരൻ ഡോ. മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബും വിവരിക്കാറുണ്ടായിരുന്നു.

### രചനാരീതി

ഹദ്റത്ത് മസീഹ് മൗഊദ്(അ) അവസാന കാലത്ത് എഴുത്തുജോലികൾക്കായി ചരിഞ്ഞ നിബ് (ിശയ) ഉള്ള പേനയാണ് ഉപയോഗിച്ചിരുന്നത്, വരകളില്ലാത്ത വെളുത്ത പേപ്പറാണ് എഴുതാൻ ഉപയോഗിക്കാറുണ്ടായിരുന്നത്. പേപ്പർ എടുത്താൽ അതിന്റെ രണ്ട് വശങ്ങളിലും മടക്കുകൾ വരുത്തുമായിരുന്നു, അങ്ങനെ ഇരുവശങ്ങളിലും വെളുത്ത മാർജിൻ ലഭിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കറുത്ത മഷി കൊണ്ടും നീലകറുപ്പ് (യഹൗലയഹമരസ) മഷി കൊണ്ടും എഴുതാറുണ്ടായിരുന്നു. മഷിപ്പാത്രം മറിയാതിരിക്കാൻ മണ്ണുകൊണ്ട് ഒരു ചെറിയ തറയുണ്ടാക്കി അതിൽ മഷിപ്പാത്രം വെക്കുകയായിരുന്നു പതിവ്. എഴുതുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) സാധാരണയായി നടക്കുമായിരുന്നു; അതായത് നടന്നുകൊണ്ട് എഴുതുകയും മഷിപ്പാത്രം ഒരിടത്ത് വെക്കുകയും ചെയ്യും, അതിനരികിലൂടെ കടന്നുപോകു മ്പോൾ നിബ് മുക്കി എടുക്കുമായിരുന്നു. എഴുതുന്നതിനൊപ്പം തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ രചന വായിച്ചു നോക്കുമായിരുന്നു, സ്വയം വായിക്കുമ്പോൾ അധരങ്ങളിൽ നിന്ന് ഒരു മന്ത്രണം കേൾക്കാമായിരുന്നു, അത് കേൾക്കുന്ന ആൾക്ക് വാക്കുകൾ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കില്ലായിരുന്നു. മിർസാ സുൽത്താൻ അഹ്മദ് സാഹിബ് വായിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്, അദ്ദേഹത്തിന്റെ രീതി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രീതിയോട് വളരെ സാമ്യമുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) കൈപ്പട തഴക്കം വന്ന എഴുത്തുകാരന്റേതു ആയിരുന്നുവെങ്കിലും അക്ഷരങ്ങൾ ചേർത്ത് അതിശീഘ്രം എഴുതുന്ന രീതി ആയിരുന്നു, അതിൽ പരിശീലനമില്ലാത്തവർക്ക് അത് വ്യക്തമായി വായിക്കാൻ സാധിക്കില്ലായിരുന്നു. എഴുതിയതിൽ വെട്ടിക്കൊണ്ട് തിരുത്തലുകളും വരുത്തുമായിരുന്നു. അതിനാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രചനകളിൽ പലയിടത്തും വെട്ടിയ ഭാഗങ്ങൾ കാണാമായിരുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈപ്പട വളരെ ചെറുതുമായിരുന്നു.

• ഹദീഥുന്നബ്‌വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

• ഹദീഥുന്നബ്‌വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551
ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Vol-11 Issue:25
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2026-28 **Thursday 18 June 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

## സീറത്തുന്നബി(സ)

വിവ: അബൂസ്വബാഹ്

ഹദീസ് സമാഹരിച്ച ഇമാം ബുഖാരി(റഹ്)യെയോ ഇമാം മുസ്‌ലിം (റഹ്)യെപോലെ യഹ്‌യാ ബിൻ മുഈൻ ഒരു ജാമിഉൽഹദീസ് (ഹദീസ് ശേഖരിക്കുന്ന വ്യക്തി) ആയിരുന്നില്ല എന്ന കാര്യം ഓർക്കേണ്ടതാണ്. അദ്ദേഹം ഹദീസുകൾ രേഖപ്പെടുത്തിയിരുന്നത് ഒരു റാവി (നിവേദകൻ) എന്ന നിലയിലായിരുന്നു. മറ്റു ഹദീസ് നിവേദകരുടെയും കാര്യവും ഇതുതന്നെയായിരുന്നുവെന്ന് കരുതാവുന്നതാണ്.

അതുകൊണ്ട്, തിരുനബി (സ)യുടെ സഹാബികളുടെ കാലത്തു തന്നെ ഹദീസുകളും നിവേദനങ്ങളും രേഖാമൂലം എഴുതാൻ തുടങ്ങിയിരുന്നു എന്നതിൽ സംശയമില്ല. ഈ രീതി എത്രത്തോളം വിപുലമായിരുന്നുവെന്നാൽ, നിലവിലുള്ള ഹദീസ് ശേഖരങ്ങളിൽ വലിയൊരു ഭാഗവും തിരുനബി (സ)യുടെ കാലം മുതൽ ***ജാമിഇനെ ഹദീസ്*** (ഹദീസ് ശേഖരിക്കുന്നവർ) വരെ വാക്കാലുള്ള നിവേദനങ്ങൾക്ക് പുറമെ എഴുത്തിലൂടെയും പകർത്തപ്പെട്ടവയാണ്. സഹാബികളിൽ ഭൂരിഭാഗവും ഹദീസുകൾ എഴുതുന്ന ശീലമുള്ളവരായിരുന്നുവെന്നോ, നിവേദകർ എല്ലാവരും നിർബന്ധമായും ഹദീസുകൾ എഴുതിവെച്ചിരുന്നുവെന്നോ അല്ല ഇതിനർത്ഥം. ഇത്തരമൊരു വാദം യാഥാർത്ഥ്യത്തിന് വിരുദ്ധമായിരിക്കും. മറിച്ച്, തിരുനബി (സ)യുടെ കാലഘട്ടത്തിൽ തന്നെ നിവേദനങ്ങൾ എഴുതുന്ന രീതി തുടങ്ങിയിരുന്നുവെന്നും, പിന്നീട് വന്ന തലമുറകളിൽ അത് കൂടുതൽ വിപുലമായി എന്നതുമാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്. എങ്കിലും, ഹദീസുകളിൽ നല്ലൊരു ഭാഗം വാക്കാലുള്ള നിവേദനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. നിലവിൽ ലഭ്യമായ ശേഖരങ്ങളിൽ രണ്ട് രീതിയിലുള്ള നിവേദനങ്ങളും ഉൾക്കൊള്ളുന്നുണ്ട്.

ഈ ഘട്ടത്തിൽ, തിരുനബി (സ)യുടെ ഒരു നിർദ്ദേശം ചില ഹദീസുകളിൽ കാണുന്നുണ്ടെന്ന് പറയുന്നത് അത്യന്താപേക്ഷിതമാണ്: വിശുദ്ധ ഖുർആൻ ഒഴികെ തിരുനബി (സ)യുടേതായി മറ്റൊന്നും എഴുതിവെക്കരുത് എന്ന നിർദ്ദേശമാണത്.

*(സഹീഹ് മുസ്‌ലിം, കിതാബുസ്സുഹ്ദി വർറഖാഇഖ്, ബാബുത്തസ്സബ്ബുതി ഫിൽ ഹദീസ് വ ഹുക്മി കിതാബത്തിൽഇൽമ്, ഹദീസ് നമ്പർ 7510.)*

ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, തിരുനബി (സ)യുടെ സഹാബികൾ ഹദീസുകൾ എഴുതിയിരുന്നില്ലെന്ന് പലരും അനുമാനിക്കാറുണ്ട്. ഇതിനുള്ള മറുപടി എന്തെന്നാൽ തെളിയിക്കപ്പെട്ട ഒരു വസ്തുതയ്ക്കോ സംഭവത്തിനോ വിരുദ്ധമായി ഒരു അനുമാനവും സത്യമായി അംഗീകരിക്കാനാവില്ല. പല സഹാബികളും തിരുനബി (സ)യുടെ ഹദീസുകൾ യഥാർത്ഥത്തിൽ എഴുതിയിരുന്നു എന്നത് ഒരു വസ്തുതയായിരിക്കെ, ഇതിനെതിരെ തർക്കത്തിന് എന്ത് പ്രസക്തിയുണ്ട്? സത്യത്തിൽ, ഈ ഹദീസുകൾ ഒരു പ്രത്യേക കാലഘട്ടത്തെയും സാഹചര്യത്തെയും സംബന്ധിച്ചുള്ളതാണ്. കൂടാതെ, ഈ നിർദ്ദേശം തിരുനബി (സ)യുടെ ദിവ്യവെളിപാടുകൾ എഴുതാൻ ചുമതലപ്പെട്ടവർക്ക് മാത്രമുള്ളതാണ്. ഖുർആനിക വെളിപാടുകളുമായി മറ്റൊന്നും കലരാതിരിക്കാൻ വേണ്ടിയാണ് ഈ നിർദ്ദേശം നൽകിയത്. സാധാരണക്കാർക്കോ പൊതുസാഹചര്യങ്ങൾക്കോ ഇത്തരം നിയന്ത്രണങ്ങൾ ഉണ്ടായിരുന്നില്ല.

*(സുനനുത്തിർമിദി, കിതാബുൽഇൽമ്, ബാബു മാ ജാഅ ഫീ കറാഹിയ്യതി കിതാബത്തിൽ ഇൽമ്, ഹദീസ് നമ്പർ 2665.)*

والله اعلم بالصواب (സത്യാവസ്ഥയെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹുവാകുന്നു.)

### ഹദീസുകളുടെയും സീറത്തിന്റെയും (നബി ചരിത്രം) നിവേദനങ്ങളിലെ അടിസ്ഥാനപരമായ വ്യത്യാസം

ഈ അടിസ്ഥാനപരമായ ചർച്ച അവസാനിക്കുന്നതിന് മുമ്പ് ഒരു കാര്യം പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. മുസ്‌ലിം എഴുത്തുകാർ 'രിവായത്ത്', 'ദിറായത്ത്' (നിവേദനത്തിന്റെയും വിവേചനത്തിന്റെയും) തത്വങ്ങൾക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ടെങ്കിലും, എല്ലാ തരം നിവേദനങ്ങൾക്കും അവർ ഒരേ മാനദണ്ഡമല്ല പ്രയോഗിച്ചിരുന്നത്. മറിച്ച്, ഒരു ബുദ്ധിമാനായ ഗവേഷകനെപ്പോലെ, ഏത് ആവശ്യത്തിനാണോ നിവേദനം ഉപയോഗിക്കുന്നത്, അതിനനുസരിച്ച് അവർ മാനദണ്ഡങ്ങളിൽ അയവു വരുത്തുകയോ അല്ലെങ്കിൽ കർശനമാക്കുകയോ ചെയ്തിരുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ചില പഠനമേഖലകൾക്ക് മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും മറ്റുള്ളവയ്ക്ക് കർശനമാക്കുകയും ചെയ്തു. ഉദാഹരണത്തിന്, മതപരമായ നിയമങ്ങൾ (അഖാഇദ്), ധാർമ്മിക പെരുമാറ്റം എന്നിവ ഉൾപ്പെടുന്ന ഹദീസുകൾ വിശകലനം ചെയ്യാൻ മുഹദ്ദിസീങ്ങൾ വളരെ കർശനമായ മാനദണ്ഡങ്ങളാണ് ഉപയോഗിച്ചത്. എന്നാൽ സീറത്തിന്റെയും ചരിത്രത്തിന്റെയും കാര്യത്തിൽ അത്തരം കർശന മാനദണ്ഡങ്ങൾ ഉപയോഗിച്ചിരുന്നില്ല. അല്ലാമാ അലി ബിൻ ബുർഹാനുദ്ദീൻ ഹലബി (റഹ്) തിരുനബി (സ)യുടെ ജീവചരിത്രത്തിൽ ഇപ്രകാരം എഴുതുന്നു:

لَا يَخْفٰى اَنَّ السِّيَرَ تَجْمَعُ الصَّحِيْحَ وَالضَّعِيْفَ وَالْمُرْسَلَ وَالْمُنْقَطِعَ

'സീറത്ത് അഥവാ ചരിത്രത്തിലെ നിവേദനങ്ങൾ സ്വഹീഹ്, ളഈഫ്, മുർസൽ, മുൻഖതിഅ് (നിവേദകപരമ്പരയിലെ (ഇസ്നാദ്) കണ്ണികളെ അടിസ്ഥാനമാക്കി വർഗ്ഗീകരിക്കപ്പെടുന്ന ഒരു ഹദീസ് വിഭാഗങ്ങൾ). തുടങ്ങി എല്ലാ തരം നിവേദനങ്ങളും ചേർന്നതാണെന്ന കാര്യം ആരിൽ നിന്നും ഗോപ്യമല്ല.

*അസ്സീറത്തുൽഹലബിയ്യ:, അല്ലാമ അബുൽഫറജ് നൂറുദ്ദീൻ അലി ബിൻ ഇബ്രാഹീം, ഭാഗം 1, മുഖദ്ദിമ, പേജ് 5, ദാറുൽകുതുബിൽഇൽമിയ്യ:, ബെയ്റൂത്ത്, ലെബനൻ, ഒന്നാം പതിപ്പ് (2002).*

തുടർന്ന്, ഇമാം അഹ്മദ് ബിൻ ഹമ്പൽ (റഹ്) അടക്കമുള്ള ഹദീസ് പണ്ഡിതന്മാരുടെ വാചകം അദ്ദേഹം ഇതിന് വിശദീകരണമായി ഉദ്ധരിക്കുന്നു:

اِذَا رَوَيْنَا فِى الْحَلَالِ وَالْحَرَامِ شَدَّدْنَا وَاِذَا رَوَيْنَا فِى الْفَضَائِلِ وَنَحْوِهَا تَسَاهَلْنَا

'ഹലാലും ഹറാമും സംബന്ധിച്ച വിഷയങ്ങളിൽ നിവേദനം നൽകുമ്പോൾ ഞങ്ങൾ കർശനമായി അന്വേഷിക്കാറുണ്ട്. എന്നാൽ ഫളാഇലുകളും (ദ്വിതീയ പ്രാധാന്യമുള്ള കാര്യങ്ങൾ) സീറത്തും പോലുള്ള വിഷയങ്ങളിൽ ഞങ്ങൾ മാനദണ്ഡങ്ങളിൽ അയവു വരുത്തുന്നു.

*അസ്സീറത്തുൽഹലബിയ്യ:, അല്ലാമ അബുൽഫറജ് നൂറുദ്ദീൻ അലി ബിൻ ഇബ്രാഹീം, ഭാഗം 1, മുഖദ്ദിമ, പേജ് 5□6, ദാറുൽകുതുബിൽഇൽമിയ്യ:, ബെയ്റൂത്ത്, ലെബനൻ, ഒന്നാം പതിപ്പ് (2002).*

കൂടാതെ, അദ്ദേഹം ഒരു വിശദീകരണം കൂടി നൽകുന്നു:

اَلَّذِىْ ذَهَبَ اِلَيْهِ كَثِيْرٌ مِنْ اَهْلِ الْعِلْمِ التَّرَخُّصُ فِى الرَّقَائِقِ وَمَا لَا حُكْمَ فِيْهِ مِنْ اَخْبَارِ الْمَغَازِىْ
وَمَا يَجْرِىْ مَجْرٰى ذَالِكَ وَاَنَّهُ يُقْبَلُ فِى الْحَلَالِ وَالْحَرَامِ لِعَدَمِ تَعَلُّقِ الْاَحْكَامِ بِهَا

'മതപരമായ നിയമങ്ങളുമായോ വിധികളുമായോ ബന്ധമില്ലാത്ത സീറത്ത്, മഗാസി തുടങ്ങിയ വിഷയങ്ങളിൽ പണ്ഡിതന്മാരുടെ പതിവ് മാനദണ്ഡങ്ങളിൽ അയവ് വരുത്തുക എന്നതാണ്. കാരണം, മതവിധികളുമായി ബന്ധമില്ലാത്തതിനാൽ ഇത്തരം വിഷയങ്ങളിൽ നമുക്ക് കാര്യങ്ങൾ സ്വീകരിക്കാവുന്നതാണ്.'

(അസ്സീറത്തുൽഹലബിയ്യ:, അല്ലാമ അബുൽഫറജ് നൂറുദ്ദീൻ അലി ബിൻ ഇബ്രാഹീം, ഭാഗം 1, മുഖദ്ദിമ, പേജ് 6, ദാറുൽകുതുബിൽഇൽമിയ്യ:, ബെയ്റൂത്ത്, ലെബനൻ, ഒന്നാം പതിപ്പ് (2002).

ഈ തത്വത്തിന്റെ വിശദീകരണമായി ഇമാം അഹ്മദ് ബിൻ ഹമ്പൽ (റഹ്) ഒരു മികച്ച ഉദാഹരണം കൂടി നൽകുന്നു:

اِبْنُ اِسْحٰقَ رَجُلٌ نَكْتُبُ عَنْهُ هٰذِهِ الْاَحَادِيْثَ يَعْنِى الْمَغَازِىْ وَنَحْوَهَا وَاِذَا جَاءَ الْحَلَالُ وَالْحَرَامُ
اَرَدْنَا قَوْمًا هٰكَذَا وَقَبِضَ اَصَابِعَ يَدَيْهِ الْاَرْبَعِ

'ഇബ്നു ഇസ്ഹാഖ് (സീറത്തും മഗാസിയും), സംശയമില്ലാതെ, സീറത്തിന്റെയും ചരിത്രത്തിന്റെയും നിവേദനങ്ങൾ നമ്മൾ മടികൂടാതെ അദ്ദേഹത്തിൽ നിന്ന് സ്വീകരിക്കപ്പെടേണ്ട വ്യക്തിയാണ്. എന്നാൽ ഹലാലും ഹറാമും സംബന്ധിച്ച ചോദ്യം വരുമ്പോൾ, നമുക്ക് ഇങ്ങനെയുള്ള ആളുകളെ വേണം (ഇത് പറഞ്ഞ് അദ്ദേഹം തന്റെ കൈയിലെ നാല് വിരലുകൾ ചേർത്തു പിടിച്ചു). ഇതിനർത്ഥം ഹദീസ് മേഖലയിൽ, യാതൊരു പോരായ്മയുമില്ലാത്ത ഇത്തരം നിവേദകരെയാണ് ആവശ്യം.

*(ഫത്ഹുൽമുഗീസ് ശർഹുൽഫിയ്യത്തിൽഹദീസ്, ശംസുദ്ദീൻ മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ അസ്സഖാവി, ഭാഗം 1, പേജ് 288, ബാബുൻ ഫീ മഅ്രിഫതി മൻ തുഖ്ബലു റിവായതുഹൂവ മൻ തുറദ്ദു, ബെയ്റൂത്ത്, പതിപ്പ് (1403 ഹി.). (തുടരും)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin